# ദി ഡിഫെൻഡർ

Vol. No. 12 Issue No. 2 RNI Reg. No. 68089 / 97 Published From Perumbavoor 2009 January 16 Price: Rs.100/- P.A.

## രാജുക്കുട്ടിയുടെ തട്ടിപ്പുകൾ കേരളശബ്ദത്തിൽ വാർത്തയായി

ഒ.എം.രാജുക്കുട്ടിയുടെ തട്ടിപ്പുകൾ കേരളശബ്ദം വാരികയിൽ വാർത്തയായി. 2008 ജനുവരി 18 ലക്കം കേരളശബ്ദത്തിന്റെ 22, 23 പേജുകളിലാണ് രാജുക്കുട്ടിയുടെ വിക്രിയകൾ വിവരിച്ചിരിക്കുന്നത്. ''പ്രതിക്കൂട്ടിൽ ഒരു ദൈവസഭകൂടി'' എന്നതാണ് വാർത്തയുടെ തലക്കെട്ട്. ''അന്തർദ്ദേശീയ പെന്തക്കോസ്ത് സഭയെന്ന് തെറ്റിദ്ധരിപ്പിച്ച് പാസ്റ്റർ തട്ടിപ്പു നടത്തുന്നതായി ആരോപണം'' എന്നൊരു വിശദീകരണവും തലക്കെട്ടിനോടൊപ്പമുണ്ട്. രാജുക്കുട്ടിയുടെ ചിത്രവും കൊടുത്തിരിക്കുന്നു.

ഡാളസ് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഡബ്ല്യൂ.എം.ഇയുടെ പ്രവർത്തകനായിരുന്ന രാജുക്കുട്ടി 2005ൽ ഈ പ്രസ്ഥാനവുമായി തെറ്റിപ്പിരിഞ്ഞെന്നും പിന്നീട് ഡബ്ല്യൂ.എം.ഇ എന്നു പേരു വരത്തക്കവിധം മറ്റൊരു സംഘടന രജിസ്റ്റർ ചെയ്തെന്നും കേരളശബ്ദം പറയുന്നു. വേൾഡ് മിഷനറി ഇവാൻജലിസം എന്നത് വേൾഡ് മിഷൻ ഇവാൻജലിസം എന്നു മാറ്റിയാണ് രാജുക്കുട്ടി തട്ടിപ്പു നടത്തുന്നതെന്നും വിശദീകരിക്കുന്നു. യഥാർത്ഥ ഡബ്ല്യൂ.എം.ഇയുടെ സ്വത്തുക്കൾ തട്ടിയെടുക്കാനും ഡബ്ല്യൂ.എം.ഇയുടെ സല്പേരുപയോഗിച്ച് പണം പിടുങ്ങാനുമാണ് രാജുക്കുട്ടി ഡബ്ല്യൂ.എം.ഇ എന്ന ചുരുക്കപ്പേരു വരത്തക്കവിധം പുതിയ സംഘടന രജിസ്റ്റർ ചെയ്തതെന്ന വസ്തുതയും കേരളശബ്ദത്തിലുണ്ട്.

ജനുവരി 5-11 തീയതികളിലാണ് രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇ ഇത്തവണ ജനറൽ കൺവെൻഷൻ നടത്തിയത്. 2005ൽ രജിസ്റ്റർ ചെയ്ത ഈ സംഘടനയുടെ നേതൃത്വത്തിൽ നടക്കുന്ന നാലാമത്തെ ജനറൽ കൺവൻഷനാണിത്. പക്ഷേ



ഡബ്ല്യൂ.എം.ഇയുടെ 60-ാമത് കൺവൻഷനാണിത് എന്നത്രേ രാജുക്കുട്ടി അവകാശപ്പെടുന്നത്. ഇത്തരത്തിലിലുള്ള പച്ചക്കള്ളം പറഞ്ഞ് ജനവഞ്ചന നടത്തുന്ന രാജുക്കുട്ടിക്ക് കേരളശബ്ദത്തിലെ വാർത്ത ഇരുട്ടടിയായി. ഈ വാർത്ത പ്രസിദ്ധീകരിച്ച കേരളശബ്ദം രാജുക്കുട്ടിയുടെ കൺവൻഷൻ ആരംഭിച്ച ജനുവരി 5ന് ലോകമെമ്പാടും ലഭ്യമായി എന്നതും ശ്രദ്ധേയമാണ്. രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇയിലെ ഭൂരിപക്ഷം വരുന്ന സാധുക്കൾ കേരളശബ്ദം വാങ്ങുകയോ വായിക്കയോ ചെയ്യുന്നവരല്ല എന്നതാണ് ഏക ആശ്വാസം.

ഡിഫെൻഡറിന് വലിയ പ്രചാരമൊന്നുമില്ലെന്നും അതുകൊണ്ട് രാജുക്കുട്ടിയുടെ തട്ടിപ്പുകളേക്കുറിച്ച് ഡിഫെൻഡർ എഴുതുന്നതിലൂടെ വലിയ ദോഷമൊന്നും വരാനില്ലെന്നും മറ്റും സ്വയം പറഞ്ഞ് ആശ്വസിച്ചിരിക്കുകയായിരുന്നു രാജുക്കുട്ടി. പക്ഷേ ലക്ഷക്കണക്കിനു കോപ്പികൾ പ്രചാരമുള്ള കേരളശബ്ദത്തിലൂടെ ഇപ്പോൾ രാജുക്കുട്ടിയുടെ തട്ടിപ്പുകൾ പുറത്തുവന്നിരിക്കയാണ്.

പെന്തക്കോസ്ത് നേതാക്കൻമാർക്കെതിരെ ശബ്ദിച്ചാൽ ദൈവം ശിക്ഷിക്കുമെന്നാണ് ഭൂരിപക്ഷം പെന്തക്കോസ്തുകാരും ധരിച്ചുവച്ചിരിക്കുന്നത്. പെന്തക്കോസ്ത് നേതാക്കൻമാർ എന്തു കൊള്ളരുതായ്മ കാണിച്ചാലും വിശ്വാസികൾ പ്രതികരിക്കാത്തത് ഈ കാരണത്താലത്രേ. പക്ഷേ ഡിഫെൻഡറിന് ഇത്തരം ഭയമൊന്നുമില്ല. അതുകൊണ്ട് പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ ഡിഫെൻഡർ നിരന്തരം എഴുതിക്കൊണ്ടിരിക്കുന്നു. ഡിഫെൻഡറിന്റെ പ്രവർത്തനം നിഷ്ഫലമല്ലെന്ന് കേരളശബ്ദത്തിൽ വന്ന വാർത്ത തെളിയിക്കുന്നു. പെന്തക്കോസ്ത് നേതാക്കൻമാർ ഇനിയെങ്കിലും പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കണം.

## ടി.ജെയുടെ ശിങ്കിടികളെ വിശ്വാസികൾ കൈവിട്ടു

വിശുദ്ധിയുടെ നിറകുടവും തെറ്റുപറ്റാത്തവനുമായ ടി.ജെ.ശാമുവലിന്റെ മന:സാക്ഷി സൂക്ഷിപ്പുകാരായി വിലസിയിരുന്ന ശിങ്കിടികളെ എ.ജി അംഗങ്ങൾ തിരസ്ക്കരിച്ചു. എ.ജി കൺവൻഷനോടനുബന്ധിച്ചു നടന്ന കോൺഫ്രൻസിൽ ടി.ജെ.ശാമുവലിന്റെ പിൻതുണയുള്ള സ്ഥാനാർത്ഥികളെ ദയനീയമായി പരാജയപ്പെടുത്തിക്കൊണ്ടാണ് എ.ജി അംഗങ്ങൾ ടി.ജെയ്ക്കെതിരെയുള്ള പ്രതിഷേധം വ്യക്തമാക്കിയത്. ഇത്ര വലിയൊരു തിരിച്ചടി ടി.ജെ.ശാമുവൽ പ്രതീക്ഷിച്ചിരുന്നില്ല എന്നു വ്യക്തം.



ദക്ഷിണമേഖല, മദ്ധ്യമേഖല, ഉത്തര മേഖല എന്നിങ്ങനെ മൂന്നു മേഖലകളാണ് പുനലൂർ ആസ്ഥാനമായുള്ള എ.ജിയിൽ ഉള്ളത്. ഓരോ മേഖലയും ഓരോ ഡയറക്ടറുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ മേഖലകളിലേക്കുള്ള ഡയറക്ടർമാരെ കണ്ടെത്താനായി നടത്തിയ വോട്ടെടുപ്പിലാണ് ടി.ജെ.ശാമുവൽ ജനത്തിന്റെ പ്രതിഷേധം രുചിച്ചറിഞ്ഞത്.

എ.ജിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും പ്രഖ്യാപിത വ്യഭിചാരിയുമായ എ.ഷാജി ടി.ജെ.ശാമുവലിന്റെ ശിങ്കിടികളെ വിജയിപ്പിക്കാൻ പരസ്യമായി രംഗത്തുണ്ടായിരുന്നു. പക്ഷേ ഷാജിയുടെ പരിശ്രമം വിജയിച്ചില്ല. ടി.ജെയുടെ പിൻതുണയോടെ മത്സരിച്ചവരെല്ലാം ദയനീയമായി പരാജയപ്പെട്ടു.

ഒരു ദൈവദാസൻ എന്തായിരിക്കരുതോ അതാണ് ടി.ജെ.ശാമുവൽ. ഇത്ര വലിയ ഒരു അഹങ്കാരിയെ കണ്ടുകിട്ടുക എളുപ്പമല്ല. എ.ഷാജി, എൻ.ജി.രാജു തുടങ്ങിയ വ്യഭിചാരികൾക്ക് എല്ലാവിധ ഒത്താശകളും ചെയ്തുകൊടുക്കുന്നത് ഈ നീചനാണ്. തന്നെ നമസ്ക്കരിക്കാത്തവരെ നിഷ്ക്കരുണം പീഡിപ്പിക്കാനും ഇയാൾക്കു മടിയില്ല. എ.ജിയെ തകർക്കുന്നതിൽ പ്രധാന പങ്കു വഹിച്ചുവരുന്നതും ഇയാൾ തന്നെ. ഇതൊക്കെ കണ്ടു മടുത്ത ജനം അവസരം കിട്ടിയപ്പോൾ ടി.ജെ.ശാമുവലിനെതിരെ വോട്ടിലൂടെ പ്രതികരിക്കയാണു ചെയ്തത്.

## വേദവിപരീതവുമായി വീണ്ടും തങ്കു രംഗത്ത്

ഒരു പ്രസംഗത്തിൽ ഒരു വിവരക്കേടെങ്കിലും പറഞ്ഞില്ലെങ്കിൽ കെ.എ.ഏബ്രഹാമിന് തൃപ്തിവരില്ല. മിനിമം ഒരു വേദവിപരീതമെങ്കിലും എഴുന്നെള്ളിക്കാതെ തങ്കുവിനു പ്രസംഗിക്കാനുമാവില്ല. സംശയമുള്ളവർ തങ്കു ഈയിടെ ചവർ ചാനലിൽ നടത്തിയ ചില പ്രസംഗങ്ങൾ കേട്ടാൽ മതിയാകും. (തങ്കു മറ്റെവിടെയെങ്കിലും നടത്തിയ പ്രസംഗത്തിന്റെ ഭാഗങ്ങളാണ് ചവറിൽ സംപ്രേക്ഷണം ചെയ്യുന്നത്).

ക്രൂശിക്കപ്പെട്ട യേശു സാത്താന്റെ മുമ്പിൽ പരാജയപ്പെട്ടവനാണെന്നും യേശു പാതാളത്തിൽ 72 മണിക്കൂർ സമയം സാത്താനാൽ പീഡിപ്പിക്കപ്പെടുകയായിരുന്നെന്നും തങ്കു പ്രസംഗിച്ച വിവരം കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഇത്തവണ മറ്റു ചില വേദവിപരീതങ്ങളാണ് തങ്കു വിളമ്പിയിരിക്കുന്നത്.

യേശു ഭൂമിയിലായിരുന്ന കാലത്ത് മിശിഹ അല്ലായിരുന്നെന്നും അതുകൊണ്ട് അക്കാലത്ത് ആരേയും രക്ഷിക്കാൻ യേശുവിനു കഴിയാതെപോയെന്നുമാണ് തങ്കുവിന്റെ കണ്ടുപിടുത്തം. ബൈബിളിൽ എവിടെയാണ് ഇങ്ങനെ



യൊക്കെ എഴുതിയിരിക്കുന്നതെന്നു തങ്കു പറയുന്നില്ല. പക്ഷേ തങ്കു പറയുന്നതെല്ലാം വേദവാക്യമായി അംഗീകരിക്കാനും ഹാലേലൂയ്യാ പറയാനും ആളുള്ളതുകൊണ്ട് തെളിവിന്റെ ആവശ്യമില്ല.

പിതാവായ ദൈവത്തിൽ നിന്നു വെളിപ്പാടു പ്രാപിച്ച പത്രോസിന് യേശുവിനെ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവായി കാണാൻ കഴിഞ്ഞു. (ഭാവിയിൽ ക്രിസ്തുവായി മാറുന്ന യേശുവിനെയല്ല പത്രോസ് കണ്ടതെന്ന വസ്തുത ശ്രദ്ധിക്കുക). യേശു ഭൂമിയിലായിരിക്കുമ്പോൾ ക്രിസ്തുവായിരുന്നു. തന്നിൽ വിശ്വസിച്ച ഏവരുടേയും പാപങ്ങൾ മോചിക്കാനും അവരെ രക്ഷിക്കാനും യേശുവിനു ബുദ്ധിമുട്ടുണ്ടായില്ല. താൻ ക്രിസ്തുവാണെന്ന വസ്തുത യേശു ഒരിക്കലും നിഷേധിച്ചുമില്ല. പക്ഷേ ഇതൊന്നും തങ്കുവിനു പ്രശ്നമല്ല. സ്വർഗ്ഗാരോഹണം ചെയ്തശേഷമാണ് ക്രിസ്തുവായി യേശു മാറിയതെന്നും അതിനുശേഷമാണ് മനുഷ്യന്റെ വീണ്ടെടുപ്പ് ആരംഭിച്ചതെന്നും തങ്കു ഉറപ്പിച്ചു പറയുന്നു. വിവരദോഷികൾ ആമേൻ പറയുന്നു.

ഒരു സ്ത്രീയുടെ ഇടപെടൽ മൂലം മനുഷ്യന്റെ വീണ്ടെടുപ്പ് ഒരു മണിക്കൂറോളം താമസിച്ചുപോയതായും തങ്കു കണ്ടെത്തിയിട്ടുണ്ട്. സംഭവം ചുരുക്കി പറയാം:

യേശു ക്രൂശിൽ മരിച്ചതുകൊണ്ട് മനുഷ്യന്റെ വീണ്ടെടുപ്പ് സാദ്ധ്യമായി എന്നു നാം കരുതരുത്. കാരണം, ക്രൂശിൽ കിടക്കുന്ന യേശു സാത്താന്റെ മുമ്പിൽ പരാജയപ്പെട്ടു കിടക്കുകയാണ്. യേശു മരിച്ചശേഷം 72 മണിക്കൂർ പാതാളത്തിലായിരുന്നു. ആ സമയത്തും സാത്താൻ യേശുവിനെ പീഡിപ്പിക്കയായിരുന്നു. ഇങ്ങനെ സാത്താന്റെ മുമ്പിൽ തോറ്റുകിടക്കുന്ന യേശുവിന് ആരേയും രക്ഷിക്കാനാവില്ല. എന്നാൽ ഉയിർത്തെഴുന്നേറ്റ യേശു ജയിച്ച യേശുവാണ്. ഈ യേശുവിന് മനുഷ്യനെ വീണ്ടെടുക്കാൻ കഴിയും. എങ്കിലും ഒരു പ്രശ്നമുണ്ട്. യേശു സ്വർഗ്ഗത്തിൽ ചെന്ന് പിതാവിന്റെ വലതുഭാഗത്ത് ഇരുന്നതിനു ശേഷം മാത്രമേ മനുഷ്യനെ വീണ്ടെടുക്കുന്ന പരിപാടി തുടങ്ങാൻ പറ്റൂ. (ഇതൊക്കെ തങ്കുവിന്റെ തിയോളജിയാണേ).

അങ്ങനെ യേശു ഉയിർത്തു. ഇനി എത്രയും വേഗം പിതാവിന്റെ വലതുവശത്തു ചെന്നിരിക്കണം. എന്നിട്ടു വേണമല്ലോ മനുഷ്യന്റെ വീണ്ടെടുപ്പ് തുടങ്ങാൻ. പക്ഷേ അതിനിടയിൽ അല്പം പ്രശ്നമുണ്ടായി. മഗ്ദലന മറിയം കണ്ണുനീരുമായി എത്തി. അതുകൊണ്ട് യേശുവിനു മറിയത്തോടു സംസാരിക്കേണ്ടതായി വന്നു. കുറെ സമയം ഇങ്ങനെ പോയി. അതുകൊണ്ട് യേശുവിന് സ്വർഗ്ഗത്തിലെത്താൻ ഒരു മണിക്കൂറോളം കാലതാമസമുണ്ടായി. ഇതുമൂലം മനുഷ്യന്റെ വീണ്ടെടുപ്പ് ആരംഭിക്കാൻ ഒരു മണിക്കൂർ താമസമുണ്ടായി. (തങ്കു ഇങ്ങനെയൊന്നും പറയുകയില്ലെന്നും ഡിഫെൻഡർ കള്ളം പറയുകയാണെന്നും കരുതുന്നവർ ഡിഫെൻഡറിന്റെ സൈറ്റിൽ ഈ പ്രസംഗങ്ങൾ നേരിട്ടു കേൾക്കുക).

### പകൽക്കാലം



ഇനിയൊരു കളവും പറയത്തില്ലെന്നു പുതുവർഷത്തിൽ തീരുമാനമെടുത്തു...

ഖൊള്ളാം...
മോടെ വയസ്സൊന്നു പറഞ്ഞേ - കേക്കട്ടെ.....

Internet: www.tsbalan.com Email: tsbalan@yahoo.com Phone: 0484-3232356 Mobile: 94474 14608

Vol. No.12 Issue No.2 2009 January 16

# ധൂർത്തിനും വേണ്ടേ ഒരതിരൊക്കെ?

കപ്പയും മീനും തിന്നുന്ന ദരിദ്രരുടെ കൂട്ടമാണ് പെന്തക്കോസ്ത് എന്നു പൊതുജനം കരുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. അര നൂറ്റാണ്ടു മുൻപ് പെന്തക്കോസ്തരുടെ സ്ഥിതി ഏറെക്കുറെ അതുതന്നെ ആയിരുന്നു എന്ന വസ്തുത നിഷേധിക്കാനാവില്ല. പക്ഷേ ഇന്നത്തെ പെന്തക്കോസ്ത് സമ്പന്നമാണ്. പെന്തക്കോസ്തുകാർക്ക് ഒന്നിനും മുട്ടില്ല.

പെന്തക്കോസ്തുകാർ സമ്പന്നരായതോടെ അവരുടെ കാഴ്ചപ്പാടിനും മാറ്റം വന്നു. കഷ്ടതയും ദാരിദ്ര്യവും മറ്റും ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ് എന്നത്രേ ഇന്ന് ഭൂരിപക്ഷം പെന്തക്കോസ്തുകാരും പഠിപ്പിക്കുന്നത്. മാത്രമല്ല എത്ര വലിയ ധൂർത്തും ഇപ്പോൾ പെന്തക്കോസ്തുകാർക്ക് സ്വീകാര്യമായിരിക്കുന്നു. സംശയമുള്ളവർ പെന്തക്കോസ്തുകാരുടെ വിവാഹം, കൺവൻഷൻ തുടങ്ങിയവയിൽ എന്തൊക്കെ നടക്കുന്നു എന്നു നിരീക്ഷിക്കുക.

ഇതു കൺവൻഷൻ സീസണാണ്. കോടിക്കണക്കിനു രൂപ പരസ്യത്തിനു മാത്രമായി ചെലവിടുന്നു. മറ്റ് ആഡംബരങ്ങൾക്കായി ഒഴുക്കുന്ന കോടികൾ വേറെ. ദൈവനാമം മഹത്വപ്പെടാനും ആത്മാക്കൾ രക്ഷിക്കപ്പെടാനും ഇതൊക്കെ ആവശ്യമാണെങ്കിൽ നല്ലതുതന്നെ. പക്ഷേ ഇത്തരം ധൂർത്തിലൂടെ ദൈവനാമമല്ല സംഘാടകരുടേയും പ്രസംഗകരുടേയും നാമമാണ് മഹത്വപ്പെടുന്നത്. ആത്മാക്കൾ രക്ഷിക്കപ്പെടുന്നുമില്ല.

കൺവൻഷൻ നടത്തരുതെന്നോ പരസ്യങ്ങൾ പാടില്ലെന്നോ ഈ പറഞ്ഞതിന് അർത്ഥമില്ല. സത്യസുവിശേഷം പ്രസംഗിക്കേണ്ടത് ആവശ്യം തന്നെ. സുവിശേഷയോഗം നടക്കുന്ന വിവരം പൊതുജനങ്ങളെ അറിയിക്കാൻ പരസ്യം ചെയ്യുകയും വേണം. കൺവൻഷനുമായി ബന്ധപ്പെട്ട് മറ്റു ചെലവുകളും ഉണ്ടാകും. പക്ഷേ ആവശ്യവും അനാവശ്യവും തമ്മിലുള്ള വ്യത്യാസം നാം മനസ്സിലാക്കണം. ആവശ്യമുള്ളതൊന്നും ഒഴിവാക്കേണ്ടതില്ല. അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയേ മതിയാകൂ. ആരെങ്കിലുമൊക്കെ അധ്വാനിച്ചുണ്ടാക്കിയ പണമാണ് സുവിശേഷവേലയുടെ മറവിൽ ധൂർത്തടിക്കുന്നതെന്നു തീർച്ച. പണം വെറുതെ ഉണ്ടാകുകയില്ലല്ലോ. ദൈവനാമത്തിൽ ലഭിച്ച ഓരോ ചില്ലി കാശിനും കണക്കു പറയേണ്ടതായി വരും എന്ന് ഓർത്താൽ നന്ന്.

# സത്യം സത്യമായി

ജനുവരി 10ന് പുറത്തിറങ്ങിയ മനോരമ ദിനപ്പത്രത്തിന്റെ (എറണാകുളം എഡിഷൻ) മൂന്നാം പേജിൽ 'കോപ്പിയടി പിടികൂടി' എന്നൊരു വാർത്തയുണ്ടായിരുന്നു. ആദ്യ വാചകം ഇപ്പടി: ''എംജി സർവ്വകലാശാലയിലെ പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷാ കൺട്രോളറുടെ നേതൃത്വത്തിൽ കോപ്പിയടിച്ചതിനു വിദ്യാർത്ഥികളെ പിടികൂടി.'' ബലേ ഭേഷ് എന്നല്ലാതെ എന്തു പറയാൻ. ഈ വാർത്ത എഴുതിയുണ്ടാക്കിയ മാന്യനും ഇത് എഡിറ്റു ചെയ്ത വിദ്വാനും അഭിനന്ദനം അർഹിക്കുന്നു. മലയാളത്തിന്റെ സുപ്രഭാതം അസ്സലാകുന്നുണ്ട്. എംജി സർവ്വകലാശാലയിലെ പരീക്ഷാ കൺട്രോളർ ഈ വാർത്ത കണ്ടിരുന്നെങ്കിൽ മാനനഷ്ടത്തിനു കേസ്സ് കൊടുക്കുമായിരുന്നു.

എഴുന്നേറ്റു നിൽക്കാൻ പോലും ആരോഗ്യമില്ലാത്തവന് 'ആരോഗ്യസ്വാമി' എന്നു പേരിട്ടതുപോലെയാണ് 'സത്യം' കമ്പ്യൂട്ടേഴ്സിന്റെ കാര്യം. 'സത്യ'ത്തിൽ സത്യത്തിന്റെ കണികപോലുമില്ല. നിക്ഷേപകർ വെള്ളത്തിലായി. ഏതായാലും സത്യത്തിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്തവർക്കു കുശാലായി.

കല്ലുകൊണ്ടായാലും കമ്പുകൊണ്ടായാലും കണ്ണു പോയാൽ മതിയല്ലോ എന്നു പറഞ്ഞതുപോലെ സമരം ഏതു തരത്തിലുള്ളതായാലും ജനം കഷ്ടപ്പെട്ടാൽ മതി. ഇത്തവണ രണ്ട് അഖിലേന്ത്യാ സമരങ്ങളാണ് ജനങ്ങളെ കറക്കിയത്. സമരത്തിൽ ജയിച്ചതാരായാലും തോറ്റത് ജനങ്ങളാണ്. ജനാധിപത്യം എന്നു പറയുന്നത് ഇതാണല്ലോ. ഇക്കണക്കിനു പോയാൽ ഇന്ത്യ ആസന്ന ഭാവിയിൽ അത്യുഗ്രൻ സാമ്പത്തിക ശക്തിയാകുമെന്നു തീർച്ച.

സഭാസ്വത്തുക്കൾ ട്രസ്റ്റുകളുടെ നിയന്ത്രണത്തിലാക്കണം എന്നൊരു നിയമം വരാൻ പോകുന്നു എന്നു കേട്ടതോടെ പെന്തക്കോസ്തു നേതാക്കൻമാർ നെഞ്ചു തിരുമ്മാൻ തുടങ്ങി. ഭൂലോകം മുഴുവൻ കറങ്ങി നടന്ന് ജനവഞ്ചന നടത്തി ഉണ്ടാക്കിയ സ്വത്തുക്കൾ കൈവിട്ടു പോകുമോ എന്നാണ് അവരുടെ ഭയം. ഇത്തരം ഒരു നിയമം വന്നാൽ നേതാക്കൻമാരുടെ കാര്യം കഷ്ടത്തിലാകും എന്നു തീർച്ച. അതുകൊണ്ട് ഈ നിയമം പാസ്സാകാതിരിക്കാൻ എത്രയും വേഗം ഉപവാസം പ്രഖ്യാപിക്കുക.

സുവിശേഷത്തിനുവേണ്ടി കഷ്ടം സഹിക്കുന്നു എന്നു വരുത്തിത്തീർക്കാൻ കെ.എ.ഏബ്രഹാം നടത്തിയ ശ്രമങ്ങൾ തിരിച്ചടിക്കുന്നതായി തിരുവല്ലയിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. തന്റെ ഫോർഡ് ഐക്കൺ കാർ സുവിശേഷ വിരോധികൾ തല്ലിത്തകർത്തു എന്നു പ്രചരിപ്പിച്ചതാണ് അവറാനു വിനയായത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടു കാലം കർത്താവിനായി മഹാത്യാഗം സഹിച്ചു എന്നൊക്കെ പ്രസംഗിച്ചു നടന്ന ഈ വിദ്വാന് ത്യാഗത്തിലൂടെ ഫോർഡ് ഐക്കൺ വാങ്ങാനും അത്യുഗ്രൻ വീടുവയ്ക്കാനും മറ്റും കഴിഞ്ഞു എന്നതു ചില്ലറക്കാര്യമല്ല. ഇതാണു സാക്ഷാൽ ത്യാഗം. പക്ഷേ അവറാന്റെ ത്യാഗം ഏതു വിധത്തിലുള്ളതാണെന്നു ചിലരെങ്കിലും മനസ്സിലാക്കിക്കഴിഞ്ഞു. 'ത്യാഗമെന്നതേ നേട്ടം' എന്ന് ഉള്ളൂർ പറഞ്ഞതിന്റെ പൊരുൾ മാലോകർക്കു വ്യക്തമാക്കിക്കൊടുക്കാൻ അവറാനു കഴിഞ്ഞിരിക്കുന്നു. അഭിനന്ദനങ്ങൾ. അത്താഴപ്പട്ടിണിക്കാരായ പെന്തക്കോസ്ത് ഉപദേശിമാർ ഈ ചങ്ങാതിയെ കണ്ടു പഠിക്കട്ടെ.

ഈയിടെ ഉദ്ഘാടനം ചെയ്ത ഒരു ബൈബിൾ കോളേജിൽ നീന്തൽക്കുളം വരെ ഉണ്ടെന്നു കേട്ടു. നല്ലത്, പെന്തക്കോസ്ത് പുരോഗമിക്കുന്നുണ്ടല്ലോ. സ്വന്തമായി നീന്തൽക്കുളമുള്ള ഏക ബൈബിൾ കോളേജ് എന്നൊരു വാചകംകൂടി ഇനി പരസ്യത്തിൽ ചേർക്കാം. ബാച്ചിലർ ഓഫ് ബാത്തിംഗ് എന്ന പേരിൽ ഒരു കോഴ്സും തുടങ്ങാം. ആരാണ് ഈ കുളം ഉദ്ഘാടനം ചെയ്തതെന്നറിഞ്ഞുകൂടാ. കെ.സി.ജോണിനേക്കൊണ്ട് ഉദ്ഘാടനം ചെയ്യിച്ചിരുന്നെങ്കിൽ നന്നായിരുന്നു എന്നാണ് ഡിഫെൻഡറിന്റെ അഭിപ്രായം. മറ്റൊരുത്തന്റെ ഭാര്യയോടൊപ്പം ഒരു നീന്തൽ കുളത്തിൽ നീരാടി വാർത്തകളിൽ സ്ഥാനം പിടിച്ച വിശുദ്ധനാണല്ലോ ഈ ചങ്ങാതി.

ഹെബ്രോൻ പുരത്തേക്കുറിച്ച് റ്റി.എസ്.ഏബ്രഹാം ഏതാനും മാസം മുൻപ് പ്രസിദ്ധീകരിച്ച ഒരു ചെറുപുസ്തകത്തിനെതിരെ ജോസഫ് താന്നിക്കൽ പ്രതികരിച്ചിരിക്കുന്നു. ആരു പ്രതികരിച്ചാലും റ്റി.എസ്.ഏബ്രഹാമിന് ഒന്നും വരാനില്ല. നിരന്തരം പറഞ്ഞുകൊണ്ടിരുന്നാൽ ഏതു നുണയും സത്യമാകുമെന്ന് റ്റി.എസ്.ഏബ്രഹാമിനറിയാം. ഐ.പി.സി സ്ഥാപിച്ചത് കെ.ഇ.ഏബ്രഹാമാണെന്നു വരുത്തിത്തീർത്തത് ഇങ്ങനെയല്ലേ. അതുകൊണ്ട് താന്നിക്കൽ സാറിന്റെ എതിർപ്പു കൊണ്ടു ഫലമുണ്ടാകുകയില്ല.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

കള്ളക്രിസ്തുക്കളും കള്ള പ്രവാചകൻമാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതൻമാരെയും തെറ്റിക്കുവാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും; ഓർത്തു കൊള്ളുവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോട്: അതാ, അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്; ഇതാ, അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ കിഴക്കു നിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവ് ആകും. (മത്താ: 24: 23-27).

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

# ബഥേൽ വിഷമസന്ധിയിൽ



മനസ്സിൽ കണ്ടതെല്ലാം വടികുത്തിപ്പിരിഞ്ഞു എന്നു പറഞ്ഞതുപോലെയാണ് ബഥേലിന്റെ സ്ഥിതി. പ്രതീക്ഷിച്ചതുപോലെ കാര്യങ്ങൾ നടക്കുന്നില്ല.

ഉപവാസ യജ്ഞം കഴിയുമ്പോൾ ബാലന്റെ കഥ കഴിയും എന്നായിരുന്നു പ്രചരണം. പക്ഷേ ബാലനെ ഒരു ചുക്കും ചെയ്യാൻ കഴിഞ്ഞില്ല. ബാലനു വിവരം കൊടുക്കുന്നവരുടെ തലയിൽ ഇടിത്തീ വീഴും എന്നു കരുതിയിരുന്നെങ്കിലും അതും സംഭവിച്ചില്ല. കാശിനാഥന് വീടു വച്ചു കൊടുക്കാൻ പിരിവെടുത്തിട്ട് കാര്യമായി ഒന്നും കിട്ടിയുമില്ല.

ജനുവരി അവസാന ആഴ്ചയിൽ ഇന്ത്യയിൽ എത്താനും കാശിനാഥനു വീടു വാങ്ങി കൊടുക്കാനുമായിരുന്നു പരിപാടി. അതു നടക്കുമോ എന്നു പറയാറായിട്ടില്ല. കാശിനാഥൻ പിണങ്ങിയാൽ എല്ലാം കുഴയും. ബഥേലിന്റെ സകല രഹസ്യങ്ങളും കാശിനാഥനറിയാം. വലിയ കാര്യമൊന്നും കൂടാതെ പിണങ്ങുന്നവനാണു കാശിനാഥൻ. പണ്ട് ഐ.പി.സിയിലെ നേതാവിനോടു പിണങ്ങി, ഒറ്റ രാത്രികൊണ്ട് ഐ.പി.സിയുടെ ബോർഡ് മാറ്റി ബഥേലുമായി കൂട്ടായവനാണ് ശ്രീമാൻ കാശി. അതുകൊണ്ട് എങ്ങനെയെങ്കിലും കാശിയെ പിണക്കാതെ നോക്കണം. ഗുജറാത്തിൽ ഒരു കൺവൻഷൻ പ്ലാൻ ചെയ്തിട്ടുണ്ട്. അതും നടത്തണം. ഇതിനൊക്കെവേണ്ടിയാണ് ഇന്ത്യയിലേക്കു വരുന്നത്. പക്ഷേ കള്ള ഒപ്പിട്ട് എഫ്.സി.ആർ.എ നേടിയ പ്രശ്നം പുലിവാലാകുമോ എന്നൊരു ശങ്കയുണ്ട്. അതുകൊണ്ട് എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണു പരമ വിശുദ്ധനായ ബഥേൽ.

# അമ്പമ്പടാ സപ്ലിമെന്റേ!

ആർക്കെങ്കിലും ഒന്നു മഹാനാകണമെന്നു തോന്നിയാൽ ഒരു എളുപ്പ മാർഗ്ഗമുണ്ട്. ഏതെങ്കിലും പെന്തക്കോസ്ത് പത്രത്തിൽ ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കുക. മഹത്വാന്വേഷിയുടെ രണ്ടോ മൂന്നോ ഫോട്ടോ തീർച്ചയായും വേണം. ഒരു കുടുംബ ഫോട്ടോയും ആകാം. മിനിമം ഒരു പേജെങ്കിലും വേണം. രണ്ടു പേജായാൽ ഏറെ നന്ന്. സംഗതി കളറിലായാൽ ഉണ്ടാകുന്ന ഗുണം ഒന്നു വേറെതന്നെ. എല്ലാ പെന്തക്കോസ്ത് പത്രങ്ങളിലും സപ്ലിമെന്റ് കൊടുത്താൽ മഹത്വത്തിന്റെ കൊടുമുടിയിലെത്താം.

ചർച്ച് ഓഫ് ഗോഡ് യു.എ.ഇ റീജിയൻ ഈയിടെ ഇത്തരത്തിൽ ഒരു സപ്ലിമെന്റ് ഇറക്കി. സംഭവം കളറിലായിരുന്നു. പണത്തിനു പഞ്ഞമില്ലാത്തതുകൊണ്ട് എല്ലാ പെന്തക്കോസ്ത് പത്രത്തിലും ഈ സപ്ലിമെന്റ് പ്രസിദ്ധീകരിക്കയും ചെയ്തു. റവ.ഡോ.(?)കെ.ഒ.മാത്യു എന്ന വിദ്വാന്റെ ആറു ഫോട്ടോകൾ വരെ എണ്ണാൻ കഴിഞ്ഞു. കൂടാതെ നാല്പതിൽ അധികം മഹാന്മാരുടെ ചിത്രങ്ങളും ഉണ്ടായിരുന്നു. എന്തിനാണ് ഈ സപ്ലിമെന്റ് ഇറക്കിയത്. ദൈവനാമ മഹത്വത്തിനോ? അല്ലെന്നു വ്യക്തം. സപ്ലിമെന്റ് ഇറക്കിയാൽ ദൈവനാമം മഹത്വപ്പെടുകയില്ലല്ലോ. പിന്നെന്തിന്? ഗൾഫിലുള്ള കുറെ ദിവ്യൻമാരുടെ നാമം മഹത്വപ്പെടുത്താൻ. ഈ കലാപരിപാടിക്ക് എത്രലക്ഷം രൂപ ചെലവായി? അറിഞ്ഞുകൂടാ. ഏകദേശം മൂന്നുലക്ഷം എന്ന് ഊഹിക്കാം. ഏതായാലും ഇത് അങ്ങേയറ്റം ഹീനമായ നടപടിയായിപ്പോയി എന്നു പറയാതെ വയ്യ. തോന്ന്യാസത്തിനും വേണ്ടേ ഒരതിര്.



# അവറാന് അഭിനന്ദനം



പക്ഷവാതക്കാരനെ ചുമന്നുകൊണ്ടു വന്ന നാലു പേർ ആരൊക്കെയാണ്? അറിഞ്ഞുകൂടാ. അവരേപ്പറ്റി കൂടുതലൊന്നും ബൈബിളിൽ പറയുന്നില്ല. പക്ഷേ അവർ ആരൊക്കെയാണെന്ന് വചന പണ്ഡിതനായ കെ.എ. ഏബ്രഹാം കണ്ടുപിടിച്ചിരിക്കുന്നു. ഈയിടെ മണക്കാലയിൽ നടന്ന കൺവെൻഷനിലാണ് അവറാൻ ഈ ഭീകര രഹസ്യം വെളിപ്പെടുത്തിയത്.

സസ്പെൻസ് ഉണ്ടാക്കാതെ കാര്യം പറയാം: ഐ.പി.സി., ശാരോൻ, ചർച്ച് ഓഫ് ഗോഡ്, അസംബ്ലീസ് ഓഫ് ഗോഡ് എന്നിങ്ങനെയാണ് ആ ചങ്ങാതിമാരുടെ പേരുകൾ. എന്താ വിശ്വാസം വരുന്നില്ലേ? വിശ്വസിക്കണം. പറയുന്നത് സാക്ഷാൽ അവറാനാണ്. ഈ അത്ഭുത രഹസ്യം ഇപ്പോഴെങ്കിലും വെളിച്ചത്തു കൊണ്ടുവന്ന അവറാന് അഭിനന്ദനം.

# മുല്ലക്കരയും റവയായി

അങ്ങനെ മുല്ലക്കരയും റവയായി. ഇനി ഒരു ചുമ്മാ ഡോ കൂടി ആയാൽ കെ.സി.ജോണിനേപ്പോലെ എല്ലാം തികഞ്ഞ ഒരു പെന്തക്കോസ്ത് കള്ളനാകാം.

നാട്ടുകാരെ പിടിച്ചു പേഷ്ക്കാരാക്കി എന്നു പറഞ്ഞതുപോലെ ഏതു പ്രസംഗകനേയും പിടിച്ചു റവയാക്കുന്നവരുണ്ട്. ഇത്തരത്തിലുള്ള ആരൊക്കെയോ മുല്ലക്കരയേയും റവയാക്കിയതാണ് എന്നത്രേ ആദ്യം കരുതിയത്. പക്ഷേ സംഗതി അതല്ല എന്ന് മുല്ലക്കര ചവറിൽ അവതരിപ്പിക്കുന്ന പ്രോഗ്രാം കണ്ടപ്പോൾ മനസ്സിലായി. അവിടെയും റവയുണ്ട്. അപ്പോൾ മുല്ലക്കര സ്വയം റവയായതാണ്. ഇത്രയുമൊക്കെ ആയതുകൊണ്ട് എത്രയും വേഗം ഒരു ഡോ കൂടി സംഘടിപ്പിക്കണം. എന്നിട്ട് റവ.ഡോ. ദേവസ്യ മുല്ലക്കര എന്നെഴുതണം.

# വോട്ടിനു കഞ്ഞി

വോട്ടിനു പകരം നോട്ട് എന്നൊരു പരിപാടി അടുത്ത കാലത്ത് ഇന്ത്യൻ പാർലമെന്റിൽ അരങ്ങേറിയിരുന്നു. അത് റവ.ഡോ. ബാബു ജോർജ് 'വോട്ടിനു പകരം കഞ്ഞി' എന്നാക്കി മാറ്റി പുനലൂരിൽ അവതരിപ്പിച്ചു. കൺവെൻഷനിൽ പങ്കെടുക്കാൻ വന്ന പാസ്റ്റർമാർക്ക് കഞ്ഞി നൽകിക്കൊണ്ടാണ് ബാബു ജോർജ് വോട്ടുകൾ ഉറപ്പാക്കിയത്. എ.ജിയിൽ പല സെക്രട്ടറിമാരുണ്ടായിട്ടുണ്ട്. പക്ഷേ ആർക്കും ഈ ബുദ്ധി തോന്നിയില്ല. റവയുടെ ബുദ്ധി അപാരം തന്നെ. അടുത്ത തെരഞ്ഞെടുപ്പിലും റവ. ഡോ. സെക്രട്ടറിയാകുമെന്നുറപ്പ്.

# മുല്ലക്കര അതിരു കടക്കുന്നു



പെന്തക്കോസ്തിൽ എന്തു തോന്ന്യാസവും കാണിക്കാം എന്നാണ് മുല്ലക്കര ധരിച്ചു വച്ചിരിക്കുന്നതെന്നു തോന്നുന്നു. ഏതാനും ദിവസം മുൻപ് പത്തനംതിട്ട ജില്ലയിൽ നടന്ന ഒരു സംഭവം കണ്ടവർക്ക് ഈ സംശയം ഉണ്ടായിരിക്കുമെന്നു തീർച്ച.

ഒരു പ്രമുഖ പെന്തക്കോസ്ത് സഭയുടെ സെന്റർ കൺവൻഷനാണു രംഗം. അത്ഭുതവീരനായ മുല്ലക്കരയാണ് പ്രധാന പ്രസംഗകൻ. രാത്രിയിലെ യോഗം കൂടാതെ പകലും യോഗങ്ങളുണ്ട്. പക്ഷേ ഒരു പ്രശ്നം. പ്രാർത്ഥന ആവശ്യമുള്ളവർ പ്രത്യേകം രജിസ്റ്റർ ചെയ്യണം.

പകൽ യോഗത്തിന് നിരവധി ആളുകളെത്തി. തലവേദന, കൈവേദന, വയറ്റിൽ വേദന തുടങ്ങി പുറമെ കാണാനാവാത്ത മാരക രോഗങ്ങൾ മുല്ലക്കരയുടെ പ്രാർത്ഥനയിലൂടെ അത്ഭുതകരമായി സൗഖ്യമായിക്കൊണ്ടിരുന്നു. അതിന്റെയൊക്കെ വീഡിയോ പിടിക്കുന്നുമുണ്ട്.

അങ്ങനെ കാര്യങ്ങൾ പുരോഗമിക്കുന്നതിനിടയിൽ ഒരു യുവതിയെ രണ്ടു പേർ ചേർന്ന് താങ്ങിപ്പിടിച്ച് കൊണ്ടുവന്നു. ആ സ്ത്രീയുടെ കാലുകൾ തളർന്നതാണ്. ഒരു വിധത്തിൽ അവരെ കസേരയിൽ ഇരുത്തി. മുല്ലക്കര അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അത്ഭുതം കാണാൻ ഏവരും കണ്ണുതുറന്നിരുന്നു. പ്രാർത്ഥന കഴിഞ്ഞ് ആ സ്ത്രീയോട് എഴുന്നേൽക്കാൻ മുല്ലക്കര കല്പിച്ചു. പക്ഷേ കാലുകൾക്കു ബലമില്ലാത്ത അവർ എങ്ങനെ എഴുന്നേൽക്കും? ഏതായാലും അവരെ താങ്ങിപ്പിടിച്ച് എഴുന്നേൽപ്പിച്ചു. അവരോട് സ്വയം ഇരിക്കാൻ മുല്ലക്കര ആജ്ഞാപിച്ചു. അതും അവർക്കു ചെയ്യാൻ കഴിഞ്ഞില്ല. അതോടെ മുല്ലക്കരയുടെ ഭാവം മാറി. റവ ശരിക്കും കോപിച്ചു. ആ കോപം ഒരു പ്രഖ്യാപനമായി പുറത്തുവന്നു: ''നിങ്ങളുടെ ഈ രോഗം ഒരിക്കലും സൗഖ്യമാകുകയില്ല.'' എന്തിനേറെ പറയുന്നു, അടക്കാനാവാത്ത ദു:ഖത്തോടെ ആ സഹോദരി വിതുമ്പി. സദസ്യർ ഇതെല്ലാം കണ്ട് തരിച്ചിരുന്നു.

# അച്ചൻകുഞ്ഞ് ഇലന്തൂർ എങ്ങനെ യിസ്രായേലിന്റെ അംബാസിഡറായി?

അച്ചൻകുഞ്ഞ് ഇലന്തൂർ യിസ്രായേലിലെ അംബാസിഡറായ അത്ഭുത വാർത്ത സകല പെന്തക്കോസ്ത് പത്രങ്ങളും വലിയ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെ ഉള്ളുകള്ളികളേക്കുറിച്ച് കഴിഞ്ഞലക്കം ഡിഫെൻഡറിൽ വിശദീകരിക്കയും ചെയ്തിരുന്നു. ഈ സംഭവത്തേക്കുറിച്ച് ഡിഫെൻഡർ കൂടുതൽ അന്വേഷണം നടത്തി. അങ്ങനെ ലഭിച്ച വിവരങ്ങളാണ് ഇനി പറയുന്നത്:

1. ഒരു ടീമുമായി യിസ്രായേൽ സന്ദർശിക്കുന്ന ഏതു മരങ്ങോടനും ഈ വിധത്തിൽ അംബാസിഡറാകാം.
2. ഒരു ടീമുമായി ഒരുവട്ടം എത്തുന്നവർക്കുപോലും ഇതു കിട്ടും.
3. ഈ സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർ ഒരു ആപ്ലിക്കേഷൻ പൂരിപ്പിച്ച് നൽകിയാൽ മതിയാകും. ആപ്ലിക്കേഷൻ ഫോം താഴെ കാണുന്ന വെബ്സൈറ്റിലുണ്ട്: http://62.90.75.68/other/forms/request.doc
4. ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ യിസ്രായേൽ സർക്കാർ പ്രയോഗിക്കുന്ന തന്ത്രങ്ങളിൽ ഒന്നു മാത്രമാണ് ഈ അവാർഡ്.
5. ഇതുമായ ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ താഴെ കാണുന്ന വെബ്സൈറ്റിലുണ്ട്: http://62.90.75.68/other/forms/ServicesEng.doc.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: അച്ചൻകുഞ്ഞും പെന്തക്കോസ്ത് പത്രങ്ങളും ചേർന്ന് വായനക്കാരെ പമ്പര വിഡ്ഢികളാക്കുകയായിരുന്നു.


# 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 9447414608.**

# പെന്തക്കോസ്തിലെ ചുമ്മാഡോകൾ

പെന്തക്കോസ്തിലെ ചുമ്മാ ഡോകളേക്കുറിച്ച് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടുണ്ട്. പക്ഷേ ഇതേ വിഷയത്തേക്കുറിച്ച് വീണ്ടും എഴുതേണ്ടതായി വന്നിരിക്കുന്നു.

ജനുവരി ലക്കം ക്രൈസ്തവചിന്തയിൽ ''വ്യാജ ഡോക്ട്രേറ്റ്: ഇറാൻ മന്ത്രിയെ പാർലമെന്റ് ഇംപീച്ച് ചെയ്തു'' എന്നൊരു വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇറാനിലെ ഒരു മന്ത്രി വ്യാജ ഡോയുമായി നടന്നതിന് പാർലമെന്റ് നടപടിയെടുത്ത കാര്യമാണ് വാർത്തയിലുള്ളത്. ഈ വിഷയത്തേക്കുറിച്ചു പറഞ്ഞശേഷം ക്രൈസ്തവചിന്ത പെന്തക്കോസ്തിലെ ചുമ്മാഡോകളേക്കുറിച്ച് പരാമർശിക്കുന്നു.

ഏവർക്കും അറിവുള്ളതുപോലെ പെന്തക്കോസ്തിൽ ചുമ്മാഡോകൾക്കു പഞ്ഞമില്ല. അല്പംകൂടി വ്യക്തമായി പറഞ്ഞാൽ പെന്തക്കോസ്തിലുള്ള ഡോകളിൽ ബഹുഭൂരിപക്ഷവും ചുമ്മാഡോകളാണ്. ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്നു പറയപ്പെടുന്ന ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ കെ.സി. ജോണിന് മൂന്നു ചുമ്മാഡോകളുണ്ട്. റവ.ഡോ.കെ.സി.ജോൺ എന്നാണ് ഇയാൾ അറിയപ്പെടുന്നത്. ആസനത്തിൽ കിളിർത്ത ഈ ആലുകളുമായി നടക്കാൻ ഈ ശുനകനു നാണം തോന്നുന്നുമില്ല. സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച ഈ നീചന് നാണം എന്ന വാക്കിന്റെ അർത്ഥം അറിയാത്തതിൽ അത്ഭുതമില്ല. കെ.സി.ജോണിനെ കൂടാതെ കുറച്ചധികം ചുമ്മാഡോകൾ ഐ.പി.സിയിലുണ്ട്.

ശാരോന്റെ പ്രസിഡന്റായ ടി.ജി.കോശിക്കുമുണ്ട് ഒരു ചുമ്മാ ഡോ. അങ്ങനെ ഇയാൾ റവ.ഡോ.ടി.ജി.കോശിയായി വിലസുന്നു. കേരളത്തിലെ ചർച്ച് ഓഫ് ഗോഡിന്റെ നേതൃസ്ഥാനത്തുള്ള ആർക്കും ചുമ്മാഡോ ഉള്ളതായി അറിവില്ല. പക്ഷേ എ.ജിയുടെ സെക്രട്ടറിയായ ബാബു ജോർജ് ഒന്നാംതരം ഒരു ചുമ്മാഡോ ആണ്.

എന്തിനാണ് ഇങ്ങനെ ചുമ്മാഡോയുമായി നടക്കുന്നത് എന്ന ചോദ്യത്തിന് ഒരു ചുമ്മാഡോ പറഞ്ഞ മറുപടിയും ക്രൈസ്തവചിന്തയിലുണ്ട്: ''ഞാൻ ഈ ഡോക്ട്രേറ്റ് വച്ച് ജോലിക്കപേക്ഷിച്ചിട്ടില്ല. ശമ്പളം കൈപ്പറ്റിയിട്ടില്ല. മറ്റു ധനസമ്പാദനമൊന്നും നടത്തിയിട്ടില്ല.'' വളരെ നല്ലത്. പക്ഷേ ചില സംശയങ്ങൾ അവശേഷിക്കുന്നു: ഈ വ്യാജ ഡോക്ടറേറ്റുമായി ചെന്നാൽ എന്തെങ്കിലും ജോലി കിട്ടുമായിരുന്നോ? ശമ്പളം ലഭിക്കുമായിരുന്നോ? മറ്റേതെങ്കിലും വിധത്തിൽ പണം സമ്പാദിക്കാൻ കഴിയുമായിരുന്നോ? ''ഇല്ല'' എന്ന ഉത്തരം മാത്രമേ ഈ ചോദ്യങ്ങൾക്കു മറുപടിയായി പറയാൻ പറ്റൂ. ഒരിക്കലും നടപ്പിലാകാത്ത കാര്യം സാധിച്ചെടുക്കാൻ പോയില്ല എന്നത് ഒരു ത്യാഗമല്ല. ''ഞാൻ അമേരിക്കൻ പ്രസിഡന്റാകാൻ ശ്രമിച്ചിട്ടില്ല'' എന്നു റ്റി.എസ്.ബാലൻ പറഞ്ഞാൽ അതൊരു ത്യാഗമായി പരിഗണിക്കുന്നതെങ്ങനെ? റ്റി.എസ്.ബാലൻ എത്ര ശ്രമിച്ചാലും അമേരിക്കൻ പ്രസിഡന്റാകാൻ പറ്റില്ലെന്നു തീർച്ചയല്ലേ. ചുമ്മാഡോയുമായി നടക്കുന്നവന് ആ ഡോയുടെ ബലത്തിൽ ജോലിയോ കൂലിയോ ലഭിക്കുകയില്ല.

ഡോയുടെ പേരിൽ ഒരു നേട്ടവും ഉണ്ടാക്കാൻ പോയില്ല എന്നു മേനി പറയുന്ന ചങ്ങാതിയോട് ചോദിക്കട്ടെ: നിങ്ങൾ ഈ ചുമ്മാഡോ വാങ്ങിയതെന്തിന്? പേരിനോടൊപ്പം ഡോ വയ്ക്കുന്നതെന്തിന്? മറുപടി പറയുകയില്ലെന്നറിയാം. പക്ഷേ ഈ ചോദ്യത്തിനുള്ള മറുപടി ഡിഫെൻഡറിനറിയാം: ഇല്ലാത്ത വിദ്യാഭ്യാസം ഉണ്ടെന്നു വരുത്തിത്തീർത്ത് ''അമ്പടാ ഞാനേ'' ചമയാൻ. അതിനല്ലാതെ മറ്റൊന്നിനും ഈ ചുമ്മാഡോകൾ ഉപകരിക്കുകയില്ല. ഉപകരിച്ചതായി ചരിത്രമില്ല.

എല്ലാ വ്യാജഭാവവും നീക്കിക്കളയാൻ ദൈവവചനം പറയുന്നു. ദൈവവചനത്തിനു വില കല്പിക്കുന്നവർ അങ്ങനെതന്നെ ചെയ്യും. പക്ഷേ പെന്തക്കോസ്തിലെ കള്ളൻമാർ ദൈവവചനത്തിനു വില കല്പിക്കുന്നില്ല. കാരണം ഇവർക്ക് ദൈവവുമായി ബന്ധമില്ല. ഇവർ ഭോഷ്ക്കിന്റെ സന്തതികളാണ്. ഇത്രയുമൊക്കെ പറഞ്ഞപ്പോൾ എന്താണ് യഥാർത്ഥ ഡോക്ടറേറ്റ് എന്നു ചിലരെങ്കിലും ചോദിച്ചേക്കാം. അതിനുള്ള മറുപടി വളരെ ലളിതമായി പറയാം:

സെക്യുലർ വിഷയങ്ങളിൽ ഡോക്ടറേറ്റ് എടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തി ആ വിഷയത്തിൽ മാസ്റ്റർ ഡിഗ്രി എടുത്ത ശേഷം അംഗീകൃത ഗൈഡിന്റെ മേൽനോട്ടത്തിൽ മൂന്നുവർഷമെങ്കിലും ഗവേഷണം നടത്തി പ്രബന്ധം സമർപ്പിക്കണം. മാസ്റ്റർ ഡിഗ്രിയും മൂന്നു വർഷത്തിൽ കുറയാത്ത ഗവേഷണവും കൂടാതെ ആർക്കും സെക്യുലർ വിഷയത്തിൽ ഡോക്ടറേറ്റ് ലഭിക്കില്ല.

ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിക്കുന്നതിനും ഏറെക്കുറെ ഇതുതന്നെയാണ് ചെയ്യേണ്ടത്. ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം എടുത്ത ശേഷം അംഗീകൃത ഗൈഡിന്റെ മേൽനോട്ടത്തിൽ മൂന്നു വർഷത്തിൽ കുറയാത്ത കാലം ഗവേഷണം നടത്തി പ്രബന്ധം സമർപ്പിക്കണം. ഈ വിധത്തിലല്ലാതെ ലഭിച്ച ഡോക്ടറേറ്റുകൾ ചുമ്മാഡോകളാണ്.

ഇന്ത്യയിലോ വിദേശത്തോ ഉള്ള അംഗീകൃത സർവ്വകലാശാലകളിൽ നിന്ന് സെക്യുലർ വിഷയത്തിൽ ഡോക്ടറേറ്റ് എടുക്കാം. സെരാംപൂർ സെനറ്റ്, എ.റ്റി.എ., അംഗീകൃത വിദേശ സെമിനാരികൾ തുടങ്ങിയവ നൽകുന്ന ഡോക്ടറേറ്റുകൾ ദൈവശാസ്ത്രത്തിൽ അംഗീകൃതമാണ്.

ഓണററി ഡോക്ടറേറ്റുകൾ സ്വീകരിക്കാൻ പാടില്ലെന്നാണോ പറഞ്ഞുവരുന്നത് എന്നു ചോദിച്ചേക്കാം. അങ്ങനെ പറയുന്നില്ല. ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയോ ഡോക്ടറേറ്റ് കൊടുക്കാൻ അധികാരമുള്ള സെമിനാരികളോ നൽകുന്ന ഡോക്ടറേറ്റുകൾ സ്വീകാര്യം തന്നെ. പക്ഷേ പണം കൊടുത്ത് ചുമ്മാഡോ വാങ്ങിയവരും ഡോക്ടറേറ്റ് കൊടുക്കാൻ അധികാരമില്ലാത്തവർ നൽകിയ ഡോ വാങ്ങിയവരും ചുമ്മാഡോകൾ മാത്രമാണ്. വൽസനും ടി.എസ്സും ചേർന്ന് കെ.സി. ജോണിനു ഡോ കൊടുത്താൽ കെ.സി.ജോൺ ഡോ ആകില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ദുർന്നടപ്പുകാരായ പല പ്രവാചകൻമാരും കൃത്യമായി പ്രവചനം നടത്തുന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതെങ്ങനെ സംഭവിക്കുന്നു?

■ ദുർന്നടപ്പുകാരായ പ്രവാചകൻമാരിലൂടെ ദൈവം സംസാരിക്കുകയില്ല. എങ്കിലും ഇവരുടെ പ്രവചനങ്ങൾ പലപ്പോഴും കൃത്യമാകാറുണ്ട് എന്നതു ശരിതന്നെ. ഇതിന് പല കാരണങ്ങളുണ്ട്.

1. ദുരാത്മാവ്.

ദുർന്നടുപ്പുകാരിൽ ഭൂരിപക്ഷവും ദുരാത്മാവു ബാധിച്ചവരാണ്. ദുരാത്മാവിന് ഭൂതകാലവും വർത്തമാനകാലവും നന്നായറിയാം. ഭാവികാലം ഒരളവോളം അറിയാൻ കഴിഞ്ഞെന്നും വരാം. അതുകൊണ്ട് ദുരാത്മാവിന്റെ സഹായത്തോടെ കുറെയൊക്കെ കൃത്യമായി പ്രവചിക്കാൻ കഴിയും.

2. ഊഹാപോഹങ്ങൾ

ഒരു വ്യക്തിയെ കാണുമ്പോൾത്തന്നെ പലതും മനസ്സിലാക്കാൻ കഴിയും. ഈ വിധത്തിൽ മനസ്സിലാക്കുന്ന കാര്യങ്ങൾ ദൈവീക വെളിപ്പാടായി അവതരിപ്പിക്കുന്നു.

3. കേട്ടുകേഴ്വികൾ

മറ്റുള്ളവരുടെ സംഭാഷണങ്ങളിൽ നിന്ന് ഒരു വ്യക്തിയേക്കുറിച്ച് പലതും മനസ്സിലാക്കാൻ കഴിയും. പിന്നീട് ആ വ്യക്തിയോടു പ്രവചിക്കുമ്പോൾ ഈ അറിവുകൾ ഉപയോഗിച്ച് 'കൃത്യമായി' പ്രവചിക്കാൻ കഴിയും.

4. പ്രാർത്ഥന

പ്രവചനം കേൾക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയോട് പ്രവാചകൻ പ്രാർത്ഥിക്കാൻ പറയും. പ്രാർത്ഥിക്കുമ്പോൾ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ പ്രവാചകന് പലതും മനസ്സിലാക്കാൻ കഴിയും. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് നടത്തുന്ന പ്രവചനങ്ങൾ 'അച്ചട്ടാ'യിരിക്കും.

5. സാക്ഷ്യങ്ങൾ

സഭായോഗത്തിലും മറ്റും വിശ്വാസികൾ പറയുന്ന സാക്ഷ്യങ്ങൾ പ്രവാചകൻ ശ്രദ്ധിച്ചുകൊണ്ടിരിക്കും. ഇങ്ങനെ സാക്ഷ്യത്തിലൂടെ ലഭിക്കുന്ന അറിവുകൾ പിന്നീട് പ്രവചനത്തിനായി ഉപയോഗിക്കും.

6. നാം പറയുന്ന കാര്യങ്ങൾ

പ്രവാചകനെ മിക്കവരും ദൈവത്തേപ്പോലെയാണു കാണുന്നത്. ദൈവത്തോട് എല്ലാം തുറന്നു പറയുന്നതുപോലെ പ്രവാചകനോടും പറയും. അങ്ങനെ സകല രഹസ്യങ്ങളും പ്രവാചകൻ മനസ്സിലാക്കും. അതോടെ പ്രവചനം എളുപ്പമാകും.

7. ആർക്കും ഇടാവുന്ന കോട്ട്

ഒരു പരിചയവും ഇല്ലാത്ത വ്യക്തിയോടു പ്രവചിക്കേണ്ടതായി വുമ്പോഴാണ് പ്രവാചകൻമാർ ആർക്കും ഇടാവുന്ന കോട്ട് ഉപയോഗിക്കുന്നത്. ഏതു വ്യക്തിയോടു പ്രവചിച്ചാലും ശരിയാകുന്ന കുറെ വാചകങ്ങളുണ്ട്. ചില ഉദാഹരണങ്ങൾ:

ഉന്നത വിളിയാൽ ഞാൻ നിന്നെ വിളിച്ചു. നീ നിനച്ചതിലും ആഗ്രഹിച്ചതിലും അപ്പുറമായ വഴികളിലൂടെയല്ലേ നിന്നെ ഞാൻ ഇതുവരെ നടത്തിയത്? നിന്റെ ശത്രുക്കളുടെ മുൻപാകെ ഞാൻ പലവട്ടം നിനക്കുവേണ്ടി മേശയൊരുക്കിയില്ലേ? നിന്നെ ഞാൻ മരണത്തിൽ നിന്ന് അത്ഭുതകരമായി വിടുവിച്ചില്ലേ? നിന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉടൻ മറുപടി തരുന്നതാണ്. മറ്റുള്ളവർ നിന്നെ നിന്ദിക്കുമ്പോൾ നീ ദു:ഖിക്കരുത്, ഞാൻ നിന്നോടു കൂടെയുണ്ട്.

ഈ വിധത്തിലൊക്കെ പറഞ്ഞാൽ തെറ്റുന്നതെങ്ങനെ? ഇതൊക്കെ കൃത്യമായ പ്രവചനമാണെന്ന് ആരും പറഞ്ഞുപോകും. ഇങ്ങനെ ചില കാര്യങ്ങളൊക്കെ പറഞ്ഞ് വിശ്വാസം നേടിയെടുത്തു കഴിഞ്ഞാൽ ഭാവി പ്രവചിക്കാൻ ആരംഭിക്കാം. ഇതാ ചില സാമ്പിളുകൾ:

നിനക്കുവേണ്ടി ഞാൻ ഇതാ പുതിയ വഴികൾ തുറക്കാൻ പോകുന്നു. നിന്റെ ശത്രുക്കൾ നിന്നെ കണ്ട് അസൂയപ്പെടത്തക്ക വിധത്തിൽ ഞാൻ നിന്നെ അനുഗ്രഹിക്കും. ഈ ദിവസങ്ങളിൽ പുതിയ കൃപകളും കൃപാവരങ്ങളും ഞാൻ നിനക്കു തരും.

ഈ വിധത്തിൽ എന്തും പറയാം. ഇതൊക്കെ കേൾക്കുന്നതോടെ നാം ഇളകിപ്പോകും. പ്രവചനം തെറ്റാണെന്നു പറയാൻ നമുക്കു ധൈര്യമുണ്ടാകുകയില്ല. വീണ്ടും ഈ പ്രവാചകനെ വിളിച്ച് പ്രവചനം കേൾക്കും.

ഭാവിയിൽ എന്താണു നടക്കാൻ പോകുന്നതെന്നറിയാൻ നമുക്ക് ആകാംഷയുണ്ടാകുന്നതെന്തുകൊണ്ട്? നമ്മുടെ ഭാവി എന്താകുമെന്നോർത്ത് നാം ഭാരപ്പെടുന്നു എന്നതുതന്നെ കാരണം. നല്ലവനായ ദൈവത്തെ വിശ്വസിക്കാൻ നമുക്കു കഴിയുന്നില്ല. നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് – ദൈവത്തെ സ്നേഹിക്കുന്നവർക്ക് – എല്ലാം നൻമയ്ക്കായിത്തീരും എന്നു നാം മനസ്സിലാക്കുന്നില്ല. ചുരുക്കി പറഞ്ഞാൽ നാം വിശ്വാസികളല്ല, അവിശ്വാസികളാണ്. ദൈവത്തെ നമുക്കു വിശ്വാസമില്ല. അതുകൊണ്ട് ഭാവി എന്താകുമെന്നറിയാൻ നാം നെട്ടോട്ടമോടുന്നു. ഈ അവിശ്വാസമാണ് നമ്മെ കള്ളപ്രവാചകന്റെ അടുക്കൽ എത്തിക്കുന്നത്. നമ്മുടെ അവിശ്വാസത്തെ അവർ ചൂഷണം ചെയ്യുന്നു. ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്താൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളൂ.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ഇതെന്തു രോഗശാന്തി?

ജനുവരി ഒന്നിന് പുറത്തിറങ്ങിയ ഹാലേലൂയ്യായിൽ കണ്ട ഒരു പരസ്യം താഴെ കൊടുക്കുന്നു.




കൈമുട്ടു വേദന, കാൽമുട്ടു വേദന, നീര്, ഇടുപ്പിനു വേദന തുടങ്ങിയ രോഗങ്ങൾക്കുവേണ്ടി മാത്രം പ്രാർത്ഥിക്കുന്ന ഈ വിദ്വാൻ ആരാണെന്നറിയാൻ ഡിഫെൻഡറിന് ആഗ്രഹമുണ്ട്. പരസ്യത്തിലുള്ള ലാന്റ് ലൈൻ നമ്പർ ജയിംസ് കെ.എസ്., ആൻസി ഭവൻ, മുരളി, പാലക്കാട് എന്ന വ്യക്തിയുടേതാണ്. ഇതേപ്പറ്റി കൂടുതൽ വിവരങ്ങൾ അറിവുള്ളവർ ദയവായി ഡിഫെൻഡറിന് വിവരം തരുക.

# ഇംഗ്ലീഷ്: അവറാൻ വഹ

ഇംഗ്ലീഷ് അറിയില്ല എന്നത് ദൈവവേലയ്ക്കു തടസ്സമാകണമെന്നില്ല. പണ്ഡിതൻമാരിലൂടെ മാത്രമേ ദൈവം പ്രവർത്തിക്കൂ എന്നു പറയാനുമാവില്ല. പക്ഷേ ഇല്ലാത്ത പാണ്ഡിത്യം ഉണ്ടെന്നു വരുത്തി തീർത്ത് മേനി ചമയാൻ ശ്രമിക്കുന്നവരോട് ക്ഷമിക്കാൻ ഡിഫെൻഡറിനാവില്ല. അതുകൊണ്ടാണ് കെ.എ.ഏബ്രഹാം എഴുന്നെള്ളിക്കുന്ന വിവരക്കേടുകളെ ഡിഫെൻഡർ കരുണകൂടാതെ വിമർശിക്കുന്നത്.

താൻ വലിയ പണ്ഡിതനാണെന്നു ജനം ധരിക്കണമെന്നാണ് അവറാന്റെ ആഗ്രഹം. ഇവന്റെ പ്രസംഗം കേട്ട് വിവരദോഷികൾ അങ്ങനെയൊക്കെ ധരിക്കുന്നുമുണ്ടാകാം. പക്ഷേ മലയാളം പോലും തെറ്റു കൂടാതെ പറയാൻ ഈ വിവരദോഷിക്കു കഴിയാറില്ല എന്നതാണ് വസ്തുത. പക്ഷേ തന്റെ പാണ്ഡിത്യം മലയാളത്തിൽ മാത്രം ഒതുക്കി നിർത്താൻ ഈ മഹാപണ്ഡിതൻ തയ്യാറല്ല. ഇടയ്ക്കൊക്കെ കുറെ ഇംഗ്ലീഷ് കൂടി പറഞ്ഞാൽ മാത്രമേ ഇവനു തൃപ്തിയാകൂ.

വലിയ പണ്ഡിതൻമാർ മലയാളത്തിൽ സംസാരിക്കുമ്പോൾ ചില ഇംഗ്ലീഷ് വാക്കുകളോ വാചകങ്ങളോ പറഞ്ഞെന്നു വരാം. തക്ക മലയാളവാക്ക് കിട്ടാതെ വരുമ്പോഴാണ് അവർ അങ്ങനെ ചെയ്യുന്നത്. പക്ഷേ കെ.എ.ഏബ്രഹാമിനേപ്പോലുള്ള ശുംഭൻമാർ ഇവരെ അനുകരിച്ച് ഇംഗ്ലീഷ് പറഞ്ഞ് വിഡ്ഢിവേഷം കെട്ടുന്നു. തങ്ങൾ വലിയ പണ്ഡിതരാണെന്നും 'മലയാളത്തിൽ ഐഡിയാസ് എക്സ്പ്രസ്സ് ചെയ്യാൻ വലിയ ഡിഫിക്കൽറ്റി ആണെന്നും' വരുത്തി തീർക്കാനാണ് ശ്രമം. ഇങ്ങനെയുള്ളവർ മലയാളത്തിൽ ചിന്തിക്കുകയും ഇംഗ്ലീഷ് പറയുകയുമാണ് ചെയ്യുന്നത്. 'കൈയ്യും കണക്കുമില്ല' എന്നത് ഇവർ No hands and mathematics എന്നാക്കും. ഈയിടെ അവറാൻ പറഞ്ഞ ഒരു വാചകം ഇങ്ങനെ: ''വചനം സ്വീകരിക്കാൻ നിങ്ങൾക്കു മനസ്സുണ്ടാകണം – You should have the mind''. മനസ്സും മൈന്റും ഒന്നാണെന്നതിനു സംശയമില്ലല്ലോ. ഇവനെയൊക്കെ സഹിക്കുന്ന പെന്തക്കോസ്തുകാരെ സമ്മതിക്കണം.



# ചവറിന്റെ സൈറ്റെവിടെ?

കെ.സി.ജോണിന്റെ ചവർ ചാനലിന് പണ്ട് http://www.wordtelecast.com എന്നൊരു വെബ് സൈറ്റ് ഉണ്ടായിരുന്നു. ഒരു വർഷം കഴിഞ്ഞപ്പോൾ ആ സൈറ്റ് കാണാനില്ലാതായി. അതു കഴിഞ്ഞ് powervisiontv.org എന്ന സൈറ്റ് നിലവിൽ വന്നു. ചവറിന്റെ പ്രോഗ്രാമുകളിൽ ഇപ്പോഴും ഈ വെബ് അഡ്രസ്സ് കാണിക്കുന്നുമുണ്ട്. പക്ഷേ ആരെങ്കിലും ഈ സൈറ്റ് സന്ദർശിക്കാൻ ശ്രമിക്കുമ്പോഴാണ് ഇതു മറ്റാരുടേതോ ആയിക്കഴിഞ്ഞു എന്ന വസ്തു മനസ്സിലാക്കാൻ കഴിയൂ. സ്വന്തം വെബ്സൈറ്റ് യഥാസമയം പുതുക്കി നിലനിർത്താൻ കഴിയാത്ത ചവറിന്റെ ഭാവി ഊഹിക്കാവുന്നതേയുള്ളൂ.

# കാട്ടാക്കടപ്രശ്നം രമ്യമായി തീർത്തു

കാട്ടാക്കട എ.ജിയിലെ പ്രശ്നം രമ്യമായി പരിഹരിച്ചെന്ന് ടി.ജെ.ശാമുവൽ മാലോകരെ അറിയിച്ചു. ആറു മാസത്തോളമായി പുട്ടിക്കിടന്ന സഭയിലെ പ്രശ്നം രമ്യമായി പരിഹരിച്ചല്ലോ എന്നോർത്ത് ഏവരും ആശ്വസിക്കയും സന്തോഷിക്കയും ചെയ്യുമെന്നു തീർച്ച. പക്ഷേ ആശ്വസിക്കാനും സന്തോഷിക്കാനും വരട്ടെ: പ്രഖ്യാപനം നടത്തിയത് പരമ പുണ്യാളനായ ടി.ജെ.ശാമുവലായതുകൊണ്ട് ചാടിക്കയറി വിശ്വസിക്കാനാവില്ലല്ലോ.

അങ്ങനെ ഡിഫെൻഡർ ഒരു അന്വേഷണം നടത്തി. അപ്പോഴാണ് സത്യത്തിന്റെ ഭീകര മുഖം കണ്ടത്. പിണങ്ങി നിന്ന ഒരു ഗ്രൂപ്പ് വഴക്കും വയ്യാവേലിയും വേണ്ടെന്നു വച്ച് സഭ വിട്ടുപോയി. അങ്ങനെ പകുതിയോളം അംഗങ്ങൾ സഭ വിട്ടതോടെ ഒരു പക്ഷം മാത്രം സഭയിൽ അവശേഷിച്ചു. ടി.ജെ.ശാമുവൽ കാട്ടാക്കട പ്രശ്നം 'രമ്യമായി' പരിഹരിച്ചത് ഈ വിധത്തിലാണ്.

# കുരിശു വച്ചാൽ കുരിശാകമോ?

''Two Babylons'' എന്ന പുസ്തകം കോപ്പിയടിച്ച് പാസ്റ്റർ കെ.ഇ.ഏബ്രഹാം ''മഹതിയാം ബാബിലോൺ'' എന്നൊരു പുസ്തകമെഴുതി. സംഗതി കോപ്പിയടിയാണെങ്കിലും ആ പുസ്തകം ഏറെ ഗുണം ചെയ്തു. പാഗൺ മതത്തിന്റെ സ്വാധീനം നിമിത്തം ക്രൈസ്തവരുടെ ഇടയിൽ കടന്നു കൂടിയ അന്യദൈവാരാധനയേപ്പറ്റി പെന്തക്കോസ്തുകാർ മനസ്സിലാക്കിയത് ഈ പുസ്തകത്തിലൂടെയാണ്. കുരിശ് വയ്ക്കുന്ന പരിപാടി പാഗൺ മതത്തിലെ തമ്മൂസുമായി ബന്ധപ്പെട്ടതാണെന്നും അന്യദൈവാരാധനയാണെന്നും കെ.ഇ.ഏബ്രഹാം ഈ പുസ്തകത്തിൽ വളരെ വ്യക്തമായി പറയുന്നുണ്ട്.

ഈ വിഷയം ഇപ്പോൾ പറയാൻ കാരണമുണ്ട്: എം.എസ്.ശാമുവലിന്റെ മഹാദർശനത്തേക്കുറിച്ചു വിവരിക്കുന്ന മരുപ്പച്ച സപ്ലിമെന്റിൽ മധുരയിലെ നടുക്കോട്ട് ഐ.പി.സി ഹാളിന്റെ മുകളിൽ അത്യുഗ്രൻ ഒരു കുരിശും കണ്ടു. തെറ്റിയതാർക്ക്? എം.എസ്.ശാമുവലിനോ അതോ കെ.ഇ.ഏബ്രഹാമിനോ? ഒരു മറുപടി കിട്ടിയാൽ നന്നായിരുന്നു.

# മോനച്ചൻ എങ്ങനെ പ്രവചിക്കുന്നു?



മോനച്ചൻ പ്രവാചകന്റെ തട്ടിപ്പുകളേക്കുറിച്ച് ഡിഫെൻഡറിലൂടെ വായിച്ചറിഞ്ഞ പലരും ചോദിച്ച ഒരു ചോദ്യം ഇതാണ്: ''മോനച്ചൻ ഇത്ര വലിയ ഒരു കള്ളനാണെങ്കിൽ ഇയാളുടെ പ്രവചനം ശരിയാകുന്നതെങ്ങനെ?''

മോനച്ചന്റെ പ്രവചനം എല്ലായ്പ്പോഴും ശരിയാകുന്നു എന്ന ധാരണ ആദ്യമായി തിരുത്തുക. കാരണം, ഇയാൾ നടത്തിയ പ്രവചനങ്ങളിൽ നല്ലൊരു പങ്ക് തെറ്റായിരുന്നു. സാം കുഴിക്കാലയുടെ കമ്പനി ലോകത്തിലെ ഏറ്റവും വലിയ കമ്പനികളിൽ ഒന്നാകും എന്ന് ഈയാൾ പ്രവചിച്ചതുതന്നെ നല്ല ഉദാഹരണം. ഈ പ്രവചനത്തിൽ വിശ്വസിച്ച് നിരവധി ആളുകൾ കുഴിക്കാലക്ക് പണം കൊടുത്തു. ഒടുവിൽ എന്തു സംഭവിച്ചു എന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇതുപോലെ ഇയാൾ നിരവധി പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്.

മോനച്ചൻ നടത്തിയ ചില പ്രവചനങ്ങൾ ശരിയായതായി പറയുന്നവരുണ്ടാകാം. ഏതു കള്ളപ്രവാചകൻ പ്രവചിച്ചാലും ചിലതൊക്കെ ശരിയാകും. അതിനുള്ള കാരണം 'ഡിഫെൻഡർ മറുപടി പറയുന്നു' എന്ന പംക്തിയിൽ വിശദീകരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ഇക്കൂട്ടത്തിൽ ഉൾപ്പെടാത്ത ഒരു തന്ത്രംകൂടി മോനച്ചൻ പ്രയോഗിക്കാറുണ്ട്. സ്ത്രീകളുടെ ദൗർബ്ബല്യങ്ങൾ ചൂഷണം ചെയ്യുന്നതാണ് ആ തന്ത്രം.

സ്ത്രീകളുമായി അടുത്തുകൂടാൻ മോനച്ചന് അസ്സാധാരണമായ കഴിവുണ്ട്. അത്തരം അടുപ്പത്തിലൂടെ അവരുടെ രഹസ്യങ്ങൾ ഇയാൾ മനസ്സിലാക്കും. പിന്നീട് ഈ സ്ത്രീകളിൽ നിന്ന് അവരുടെ ഭർത്താക്കൻമാരേക്കുറിച്ചും മറ്റുള്ളവരേക്കുറിച്ചും അറിയും. ഇങ്ങനെ ലഭിക്കുന്ന അറിവ് ഉപയോഗിച്ചാണ് മോനച്ചൻ കൃത്യമായി പ്രവചിക്കുന്നത്. മോനച്ചന്റെ വരുതിയിൽ ആയിത്തീർന്ന സ്ത്രീകളെ ഉപയോഗിച്ച് ഇയാൾ മറ്റു സ്ത്രീകളേയും വശീകരിക്കും. കൂടുതൽ വിവരങ്ങൾ പിന്നാലെ.

# ഇത്തവണ റോസമ്മ കുടുങ്ങും

അഹങ്കാരത്തിന്റേയും അഴിമതിയുടേയും അവതാരമായ എം.എ.റോസമ്മ ഇത്തവണ കുടുങ്ങും. ചർച്ച് ഓഫ് ഗോഡിലെ തൊടുപുഴ സെന്റർ പാസ്റ്ററായിരുന്ന ബഞ്ചമിന്റെ ഭാര്യയായ ഇവർ ചെയ്തുകൂട്ടിയ തിൻമകൾക്ക് ഇത്തവണ ശിക്ഷയുണ്ടാകും.

ദൈവത്തേയും മനുഷ്യനേയും ഒന്നുപോലെ വിഡ്ഢികളാക്കിക്കൊണ്ട് ഇവർ വിലസാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. എന്തു വൃത്തികേടും കാണിക്കാൻ ഇവർക്ക് മടിയില്ലായിരുന്നു. ഇവരേപ്പറ്റി ഡിഫെൻഡർ പലവട്ടം എഴുതിയിട്ടുമുണ്ട്. പക്ഷേ പണത്തിന്റെ ബലത്തിൽ ഇവർ നാളിതുവരെ പിടിച്ചു നിൽക്കുകയായിരുന്നു. എങ്കിലും ഏതാനും ആഴ്ച മുൻപ് ഇവരെ വിജിലൻസ് തൊണ്ടിസഹിതം പിടികൂടി. പിന്നാലെ റെയ്ഡും ഉണ്ടായി. ഇവരുടെ അഴിമതി തെളിയിക്കാൻ ആവശ്യമായ രേഖകൾ ലഭിച്ചതോടെ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തു. ഇപ്പോൾ ഇവർ സസ്പെൻഷനിലുമാണ്.



# പെന്തക്കോസ്തിലെ മനുഷ്യദൈവങ്ങൾ

പെന്തക്കോസ്തിൽ മനുഷ്യദൈവങ്ങളുണ്ടെന്നു പറഞ്ഞാൽ മിക്കവർക്കും വിശ്വാസം വരില്ലെന്നറിയാം. എങ്കിലും സത്യം പറയാതെ പറ്റില്ല. അതുകൊണ്ടു പറയട്ടെ: ഇതര മതങ്ങളിലും മറ്റു ക്രൈസ്തവ സമുദായങ്ങളിലും ഉള്ളതുപോലെ മനുഷ്യദൈവങ്ങൾ പെന്തക്കോസ്തിലുമുണ്ട്. വിശദീകരിക്കാം:

പെന്തക്കോസ്ത് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഐ.പി.സി., ശാരോൻ, എ.ജി തുടങ്ങിയ പെന്തക്കോസ്ത് സംഘടനകൾ മാത്രമല്ല പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ ഒന്നാം നൂറ്റാണ്ടിലേതുപോലെ ഇന്നും നടക്കുന്നു എന്നു വിശ്വസിക്കുന്ന എല്ലാ ഗ്രൂപ്പുകളേയും വ്യക്തികളേയുമാണ് എന്നു പ്രാരംഭത്തിൽ തന്നെ വ്യക്തമാക്കട്ടെ.

പെന്തക്കോസ്തിലുള്ള മനുഷ്യദൈവങ്ങളെ പ്രധാനമായി രണ്ടു ഗ്രൂപ്പായി തിരിക്കാം:

1. ഏതെങ്കിലും അംഗീകൃത പെന്തക്കോസ്ത് സംഘടനയിലെ അംഗമോ ശുശ്രൂഷകനോ ആയിരിക്കുന്നവർ. എം.എ.വർഗീസ്, പി.ആർ.ബേബി, സുരേഷ് ബാബു തുടങ്ങിയവർ ഈ വിഭാഗത്തിലുള്ളവരാണ്.

2. ഒരു സംഘടനയിലും അംഗമാകാതെ (ഒറ്റ മെഷീനായി) പ്രവർത്തിക്കുന്നവർ. ഇത്തരക്കാരിൽ ചിലർ സ്വന്തം സംഘടന ഉണ്ടാക്കിയിട്ടുണ്ട്. തങ്കു, ഡാമിയൻ, മുല്ലക്കര ദേവസ്യ തുടങ്ങിയവർ ഉദാഹരണം.

രണ്ടു ഗ്രൂപ്പിൽ ഉള്ളവർക്കും പൊതുവായ ചില പ്രത്യേകതകളുണ്ട്. ഈ പ്രത്യേകതകളാണ് ഇവരെ ദൈവമാക്കുന്നത്:

1. തങ്ങൾ ദൈവമാണെന്ന് ഇവർ അവകാശപ്പെടുകയില്ല. തങ്ങൾ ജീവനുള്ള ദൈവത്തിന്റെ ദാസന്മാരാണെന്നും സത്യ ദൈവത്തിനു മഹത്വം കൊടുക്കുക മാത്രമാണ് തങ്ങൾ ചെയ്യുന്നതെന്നും ഇവർ നാഴികയ്ക്കു നാൽപ്പതു വട്ടം പറയും. പക്ഷേ എല്ലാ മാനവും മഹത്വവും ഇവർ തന്നെ എടുക്കും. അങ്ങനെ, ഇവർ വാക്കുകൊണ്ടല്ല പ്രവൃത്തികൊണ്ട് ദൈവമായിത്തീരുന്നു.

2. തങ്ങൾ ദൈവത്തിൽ നിന്നു വിശേഷ അധികാരം പ്രാപിച്ചവരാണെന്നും തങ്ങളിലൂടെയാണ് ഇനി ദൈവം പ്രവർത്തിക്കുന്നതെന്നും ഇവർ പറയാതെ പറയും. (തങ്കുവിനേപ്പോലുള്ളവർ ഇതു തുറന്നു പറയുന്നുമുണ്ട്). തങ്ങളുടെ വാക്കുകേട്ട് അനുസരിക്കേണ്ടത് തികച്ചും ആവശ്യമാണെന്ന് ഇവർ ശഠിക്കും.

3. എല്ലാ മനുഷ്യദൈവങ്ങളും അത്ഭുതപ്രവർത്തകരാണ്. തലവേദന, വയറ്റിൽ വേദന, പ്രമേഹം, കിഡ്നി പ്രശ്നം തുടങ്ങി പുറമെ കാണാനാവാത്ത രോഗങ്ങളാണ് ഇവർ സൗഖ്യമാക്കുന്നത്. ശോഷിച്ച അവയവങ്ങൾ സൗഖ്യമാക്കുക, മുറിഞ്ഞു പോയതോ മുറിച്ചു മാറ്റിയതോ ആയ അവയവങ്ങൾ തിരികെ കൊണ്ടുവരുക തുടങ്ങി പ്രത്യക്ഷത്തിൽ കണ്ടു ബോദ്ധ്യപ്പെടാൻ കഴിയുന്ന ഒരു രോഗവും ഇവർ സൗഖ്യമാക്കുകയില്ല.

4. രോഗസൗഖ്യം ലഭിച്ചു എന്ന് അവകാശപ്പെടുന്നവരെ മുൻപോട്ടു വിളിച്ച് സാക്ഷ്യം പറയിപ്പിക്കുക എന്നത് എല്ലാ മനുഷ്യദൈവങ്ങളുടേയും സ്ഥിരം പരിപാടിയാണ്. കർത്താവോ ശിഷ്യന്മാരോ ഇങ്ങനെ ചെയ്തിട്ടില്ല എന്ന വസ്തുത ശ്രദ്ധിക്കുക. ദൈവനാമം മഹത്വപ്പെടാനാണ് ഇപ്രകാരം സാക്ഷ്യം പറയിപ്പിക്കുന്നതെന്ന് ഇവർ അവകാശപ്പെടും. സൗഖ്യം നൽകിയത് കർത്താവാണെന്നും ഇവർ പ്രഖ്യാപിക്കും. പക്ഷേ തങ്ങളുടെ ശുശ്രൂഷയിൽ രോഗസൗഖ്യമുണ്ടായവരേക്കൊണ്ടു മാത്രമേ ഇപ്രകാരം സാക്ഷ്യം പറയിക്കൂ. മറ്റാരുടെയെങ്കിലും ശുശ്രൂഷയിലൂടെ രോഗസൗഖ്യം ലഭിച്ചു എന്ന് സാക്ഷ്യം പറയാൻ അനുവദിക്കയില്ല. ഇവർ ദൈവത്തിന്റെ നാമമല്ല തങ്ങളുടെ നാമമാണ് മഹത്വപ്പെടുത്താൻ ശ്രമിക്കുന്നത് എന്നതിന് ഇതുതന്നെ തെളിവ്.

5. തങ്ങളുടെ ഫോട്ടോ വച്ച് വലിയ പരസ്യങ്ങൾ നൽകുന്നതിൽ ഇവർ പ്രത്യേക താല്പര്യം കാണിക്കുന്നു. അത്ഭുത രോഗശാന്തി നടക്കാൻ പോകുന്നതായി ഇവർ പരസ്യം ചെയ്യും. ഇവരുടെ പ്രസംഗത്തിലെ പ്രധാന വിഷയം അത്ഭുതം എന്നതായിരിക്കും.

6. ജനത്തെ എഴുന്നേൽപ്പിച്ചു നിർത്തിയുള്ള ആരാധന, പ്രസംഗത്തിനിടയിൽ നിരന്തരം ഹാലേലൂയ്യാ പറയിക്കൽ തുടങ്ങിയവ ഇവരുടെ യോഗങ്ങളുടെ പ്രത്യേകതയാണ്.

7. ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് ഇവർ ഒരിക്കലും ഇറങ്ങുകയില്ല. ജനത്തെ ഇളക്കാൻ അനുയോജ്യമായ ഏതെങ്കിലും വാക്യം എടുത്ത് കുറെ ബഹളം വയ്ക്കുക മാത്രമാണ് ഇവർ ചെയ്യുക.

8. ക്രൂശിക്കപ്പെട്ട യേശുവിനെ ഇവർ സാധാരണയായി പ്രസംഗിക്കാറില്ല. കഷ്ടത, പ്രതികൂലം തുടങ്ങിയവയും പ്രസംഗവിഷയമാകുകയില്ല.

9. രോഗം, ദുഃഖം, ദാരിദ്ര്യം, വന്ധ്യത, കടഭാരം തുടങ്ങിയവ ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണെന്നും യേശുവിൽ വിശ്വസിക്കുന്നതോടെ ഇതൊക്കെ മാറുമെന്നും ഇവർ പ്രസംഗിക്കും.

10. കർത്താവിന്റെ രണ്ടാം വരവ്, അന്ത്യ ന്യായവിധി, നിത്യത തുടങ്ങിയവയേക്കുറിച്ച് ഇവർ അപൂർവ്വമായി മാത്രമേ പ്രസംഗിക്കൂ. ഇവർക്കു പറയാനുള്ളത് ഈ ഭൂമിയിൽ ലഭിക്കുന്ന അനുഗ്രഹങ്ങളേക്കുറിച്ചാണ്. കൊട്ടാരം പോലുള്ള വീട്, വിലകൂടിയ കാറ്, ഉയർന്ന ശമ്പളമുള്ള ജോലി തുടങ്ങിയതൊക്കെ തരുന്ന കർത്താവിനെ മാത്രമാണ് ഇവർ പ്രസംഗിക്കുന്നത്.

11. ഈ മനുഷ്യദൈവങ്ങളെല്ലാം തങ്ങളുടെ അനുയായികളിൽ നിന്ന് വൻതോതിൽ പണം പിരിക്കും. ദൈവത്തിനു കൊടുക്കുക എന്ന ഓമനപ്പേരാണ് ഇവർ ഈ പിരിവിനു നൽകിയിരിക്കുന്നത്. പക്ഷേ ഇങ്ങനെ പിരിക്കുന്ന പണം മുഴുവനും ഈ മനുഷ്യദൈവത്തിനാണ് ലഭിക്കുന്നത്.

12. ഭൂരിപക്ഷം മനുഷ്യദൈവങ്ങളും ആത്മീയ തട്ടിപ്പ് ആരംഭിക്കുന്നതിനു മുൻപ് പരമ ദരിദ്രരായിരുന്നു. പക്ഷേ ഇപ്പോൾ ഇവരെല്ലാം വലിയ പണക്കാരാണ്. ദൈവം അനുഗ്രഹിച്ചു എന്ന് ഇവർ പറയുമെങ്കിലും ഈ പണമത്രയും ഇവരുടെ അനുയായികളിൽ നിന്നു പിരിച്ചെടുത്തതാണ്.

13. ഈ മനുഷ്യ ദൈവങ്ങൾ ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചിട്ടില്ലെന്നതും ശ്രദ്ധേയമാണ്. ബൈബിൾ കോളേജുകൾ സാത്താന്റെ വകയാണെന്നു പഠിപ്പിക്കുന്ന മനുഷ്യദൈവങ്ങൾ പോലും ഉണ്ടെന്നതാണ് വസ്തുത. ദൈവമാണ് തങ്ങളെ വചനം പഠിപ്പിച്ചതെന്ന് ഇവർ പറയും.

14. തങ്ങൾ പറയുന്നതെല്ലാം വേദവാക്യമാണെന്നും ദൈവത്തിന്റെ അരുളപ്പാടുകളാണെന്നും ഇവർ പ്രഖ്യാപിക്കുന്നു. തങ്ങളെ ചോദ്യം ചെയ്യുന്നത് നരകത്തിൽ പോകാൻ തക്ക ഗൗരവമുള്ള പാപമാണെന്നും ഇവർ പഠിപ്പിക്കുന്നു.

15. ഈ മനുഷ്യദൈവങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത ഇവർ തങ്ങളുടെ അനുയായികളെ പിടിച്ചുവയ്ക്കാൻ കാണിക്കുന്ന സാമർത്ഥ്യമാണ്. തങ്കുവിന്റെ അനുയായികൾ മറ്റു മനുഷ്യദൈവങ്ങളുടെ ശുശ്രൂഷയിൽ പങ്കെടുക്കുകയില്ല. പി.ആർ.ബേബിയുടെ പാലക്കാട്ടുള്ള അനുയായികൾ എല്ലാ ഞായറാഴ്ചയും എറണാകുളത്തു പി.ആർ.ബേബിയുടെ സഭയിൽ വന്നുമാത്രമേ ആരാധിക്കൂ. ഇതുതന്നെയാണ് എല്ലാ മനുഷ്യ ദൈവങ്ങളുടേയും രീതി.

കർത്താവായ യേശുക്രിസ്തുവിനല്ലാതെ ആർക്കും പാപിയെ രക്ഷിക്കാൻ കഴിയുന്നതല്ല. യേശുക്രിസ്തുവിനു മാത്രം നൽകാൻ കഴിയുന്ന നിത്യജീവനേക്കുറിച്ചു പ്രസംഗിക്കുകയും യേശുവിലേക്ക് മനുഷ്യരെ അടുപ്പിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ സുവിശേഷവേല. പക്ഷേ ഈ മനുഷ്യദൈവങ്ങൾ ചെയ്യുന്നത് അതല്ല. യേശുക്രിസ്തുവിനേക്കുറിച്ച് ചിലതൊക്കെ ഇവർ പറയുമെങ്കിലും തങ്ങളിലേക്കാണ് ഇവർ ജനത്തെ അടുപ്പിക്കുന്നത്. തങ്ങളിലൂടെയല്ലാതെ രക്ഷയില്ല എന്നാണ് ഇവർ പറയാതെ പറയുന്നത്. ഇവർ സ്വയം ദൈവമാകുകയാണ് ചെയ്യുന്നത്.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# അനി ജോർജിനെ സൂക്ഷിക്കുക



ഈ ഫോട്ടോയിൽ കാണുന്ന അനി ജോർജ് എന്ന കള്ള പ്രവാചകനെ സൂക്ഷിക്കുക. ഇവൻ അപകടകാരിയാണ്.

പ്രവചനവുമായി വിദേശരാജ്യങ്ങളിൽ ചുറ്റിത്തിരിയുകയാണ് ഇവന്റെ പ്രധാന പരിപാടി. കള്ളപ്രവചനം പറഞ്ഞ് ഇവൻ സ്ത്രീകളെ വശീകരിക്കും. പിന്നീട് അവരെ ലൈംഗികമായി ചൂഷണം ചെയ്യും.

സ്ത്രീകളെ വശീകരിക്കുന്നതിന് ഇയാൾ സ്ഥിരമായി പ്രയോഗിക്കുന്ന ചില തന്ത്രങ്ങളുണ്ട്. അവിവാഹിതരായ സ്ത്രീകൾ, വിവാഹിതരെങ്കിലും ജോലിയോടുള്ള ബന്ധത്തിൽ ഒറ്റയ്ക്കു കഴിയേണ്ടിവരുന്ന സ്ത്രീകൾ തുടങ്ങിയവരെയാണ് ഇവൻ വലയിലാക്കുന്നത്. പ്രവചനത്തിന്റേയും വെളിപ്പാടിന്റേയും പേരുപറഞ്ഞ് ഇവൻ അടുത്തുകൂടും. സംസാരവിഷയം ക്രമേണ ലൈംഗിക ചുവയുള്ളതാകും. അതോടെ സംഭാഷണം അവസാനിപ്പിക്കുന്നവരെ ഇവൻ ഒഴിവാക്കും. പക്ഷേ എല്ലാവരും അങ്ങനെയായിരിക്കണമെന്നില്ലല്ലോ. ചിലർ സംഭാഷണം തുടരും. അത്തരക്കാർ അനി ജോർജിന്റെ വലയിൽ കുരുങ്ങിയതുതന്നെ.

ലൈംഗികതയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഇവൻ സംസാരിക്കും. താൻ ദർശനത്തിൽ കണ്ടത് എന്ന ഭാവത്തിൽ ആ സ്ത്രീയുടെ ലൈംഗിക പ്രശ്നങ്ങളേക്കുറിച്ചു പറയും. ഒടുവിൽ അവരെ തന്റെ ഇംഗിതത്തിനു വിധേയയാക്കും. ഈ വിധത്തിൽ അനേകരെ ഇവൻ ചതിച്ചിട്ടുണ്ട്. ആകയാൽ ഇവനെ അകറ്റി നിർത്തുക.

# എങ്ങോട്ടുപോകും കുട്ടപ്പാ?

ഇക്കൊല്ലം കുട്ടപ്പൻ എങ്ങോട്ടുപോകും? അതു കുട്ടപ്പനു പോലും അറിഞ്ഞുകൂടാ. എങ്ങോട്ടെങ്കിലും പോകാതെ പറ്റില്ല. ശാരോൻ സഭയുടെ എറണാകുളം ഡിസ്ട്രിക്ട് പാസ്റ്ററായ കുട്ടപ്പന്റെ കാര്യമാണ് പറഞ്ഞുവരുന്നത്.

ശാരോന്റെ നേതാക്കൻമാരിൽ ഒരാളും മഹാ തന്ത്രശാലിയുമായ ടി.പി.ഏബ്രഹാമിന്റെ വാലാട്ടി എന്ന ഏക പരിഗണനയിലാണ് ശ്രീമാൻ കുട്ടപ്പൻ ശാരോന്റെ എറണാകുളം ഡിസ്ട്രിക്ട് പാസ്റ്ററായത്. ഇയാൾ ഇപ്പോൾ ശുശ്രൂഷിക്കുന്ന സഭയിൽ നിന്ന് ഒരു ട്രാൻസ്ഫറിനു ശ്രമിക്കാൻ തുടങ്ങിയിട്ട് വർഷം മൂന്നായി. പക്ഷേ ഇയാളെ ആർക്കും വേണ്ട. അതാണു പ്രശ്നം. 2007ൽ ആലുവ സഭയിലേക്കും 2008ൽ അങ്കമാലി സഭയിലേക്കും സ്ഥലംമാറ്റം കിട്ടിയതാണ്. പക്ഷേ അവിടെങ്ങും കാലുകുത്താൻ കഴിഞ്ഞില്ല. ഇത്തവണ എങ്ങോട്ടു പോകും? ഉഗാണ്ടയിൽ ശാരോനുണ്ടോ എന്ന് അന്വേഷിക്കൂ കുട്ടപ്പാ.

# കർണ്ണാടക ഐ.പി.സി പിളർപ്പിലേക്കോ?

കർണ്ണാടക ഐ.പി.സി പിളർപ്പിലേക്കു നീങ്ങുകയാണോ? അത്തരം ഒരു നീക്കം പ്രസിഡന്റായ റ്റി.റ്റി.ജോസഫ് നടത്തുന്നതായി അറിയാൻ കഴിഞ്ഞു. തട്ടിയെടുത്ത സ്വത്തുക്കൾ വിട്ടുകൊടുക്കുന്നത് ഒഴിവാക്കാൻ റ്റി.റ്റി.ജോസഫിനു വേറെ വഴിയില്ല എന്നതാണു സ്ഥിതി.

കർണ്ണാടക ഐ.പിസിയുടെ ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന സ്ഥലം റ്റി.റ്റി.ജോസഫിന്റേയും മകന്റേയും പേരിലാണ് ആധാരം ചെയ്തിരിക്കുന്നത്. പക്ഷേ ഐ.പി.സിയുടെ പേരുപറഞ്ഞു പിരിച്ചുണ്ടാക്കിയ പണം ഉപയോഗിച്ചു വാങ്ങിയ സ്ഥലവും കെട്ടിടവും ഐ.പി.സിയുടെ പേരിൽ എഴുതി കിട്ടണമെന്നു ഭൂരിപക്ഷം വരുന്ന വിശ്വാസികളും ശുശ്രൂഷകൻമാരും ആവശ്യപ്പെട്ടതോടെയാണ് പ്രശ്നം ആരംഭിച്ചത്. പക്ഷേ സ്ഥലം വിട്ടുകൊടുക്കാൻ റ്റി.റ്റി.ജോസഫ് തയ്യാറല്ല. അതാണു പ്രശ്നം.

കഴിഞ്ഞ ചില ആഴ്ചകളായി റ്റി.റ്റി.ജോസഫ് ബഹറിനിലായിരുന്നു. മടങ്ങി വന്ന ഉടൻ ഒരു കൗൺസിൽ വിളിച്ചുകൂട്ടി. ബാലനേയും ബാലനു വിവരം കൊടുത്തവരേയും പാഠം പഠിപ്പിക്കും എന്ന് ഔദ്യോഗികമായി തീരുമാനിക്കാനായിരുന്നു പദ്ധതി. പക്ഷേ ആ പദ്ധതി പാളി. ബാലൻ റ്റി.റ്റി.ജോസഫിന്റെ പാട്ടപ്പറമ്പിലല്ല കിടക്കുന്നത്. അതുകൊണ്ട് ബാലനെ ഒരു ചുക്കും ചെയ്യാൻ റ്റി.റ്റി.ജോസഫിനു കഴിയുന്നതല്ല. പിന്നെയുള്ളത് ബാലനു വിവരം കൊടുത്തവരാണ്. അതാരാണെന്ന് വിവരം കൊടുത്തവർക്കേ അറിയൂ. പിന്നെങ്ങനെ നടപടി എടുക്കും?

ബാലൻ എഴുതിയതെല്ലാം തെറ്റാണെന്നും കർണ്ണാടക ഐ.പി.സിയിൽ ഒരു പ്രശ്നവുമില്ലെന്നും വ്യക്തമാക്കിക്കൊണ്ട് ഒരു പത്രക്കുറിപ്പു തയ്യാറാക്കി എല്ലാ പെന്തക്കോസ്ത് പത്രങ്ങൾക്കും അയച്ചുകൊടുക്കാൻ റ്റി.റ്റി.ജോസഫ് പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും അതും വിഫലമായി. കൗൺസിൽ അംഗങ്ങൾ അതിനു സമ്മതം നൽകിയില്ല. ഇങ്ങനെ ചെയ്താൽ ബാലനു മറുപടി പറയാൻ ശ്രമിച്ച കെ.സി.ജോണിനും രാജുക്കുട്ടിക്കും ഉണ്ടായ സ്ഥിതി റ്റി.റ്റി.ജോസഫിനും ഉണ്ടാകുമെന്ന് മനസ്സിലാക്കാൻ ചിലർക്കെങ്കിലും കഴിഞ്ഞു.

സ്ഥലം എഴുതി കിട്ടാതെ പ്രശ്നം പരിഹരിക്കാനാവില്ല എന്ന നിശ്ചയത്തിലാണ് ഭൂരിപക്ഷം വിശ്വാസികളും ശുശ്രൂഷകൻമാരും. ഏതാനും ചില മക്കുണൻമാർ റ്റി.റ്റി.ജോസഫിനു പിൻതുണ നൽകുന്നുമുണ്ട്. പ്രശ്നം രൂക്ഷമായാൽ കർണ്ണാടക ഐ.പി.സിയിൽ ഒരു പിളർപ്പുണ്ടാക്കി സ്ഥലം തട്ടിയെടുക്കാനാണ് റ്റി.റ്റി.ജോസഫിന്റെ ശ്രമം. തന്നോടൊപ്പമുള്ളവരാണ് യഥാർത്ഥ ഐ.പി.സി എന്നു പ്രഖ്യാപിക്കയും മറ്റുള്ളവരെ പുറത്താക്കുകയും ചെയ്തിട്ട് വസ്തുവകകൾ എന്നെന്നും കൈവശം വയ്ക്കാമല്ലോ. ഇതിനിടയിൽ റ്റി.റ്റി.ജോസഫിനെ മാറ്റി ഡാളസ്സിലുള്ള ഒരാളെ പ്രസിഡന്റാക്കാനുള്ള ശ്രമം കുമ്പനാട്ട് ആരംഭിച്ചിട്ടുമുണ്ട്. എന്തൊക്കെ സംഭവിക്കുമെന്നു കണ്ടറിയാം.

# ഷാജി സുകുമാരന്റെ അത്ഭുത റോക്കറ്റ്

കുപ്രസിദ്ധ തട്ടിപ്പുവീരനായ ഷാജി സുകുമാരന്റെ വെബ്സൈറ്റിൽ കഴിഞ്ഞയാഴ്ച കണ്ട ഒരു വാർത്ത ഇപ്രകാരമാണ്: (അക്ഷരത്തെറ്റുകൾ അതേപടി പകർത്തുന്നു)

## റോക്കറ്റ് പാഞ്ഞുവരുന്നു, 130–ാം സങ്കീർത്തനം അവർ ചൊല്ലി

ഗാസയിലുള്ള ഹമാസ് കേന്ദ്രങ്ങളെ ലക്ഷ്യമാക്കി ഇസ്രായേലി റോക്കറ്റുകൾ പാഞ്ഞുവന്നപ്പോൾ അമേരിക്കക്കാരുടെ മൊബൈലുകളിലേക്ക് മെസേജുകൾ പായുകയായിരുന്നു. ''ഒരു റോക്കറ്റ് നിങ്ങൾക്കു മീതെ പാഞ്ഞുവരുന്നു.... നിങ്ങൾക്ക് 15 സെക്കന്റുകൾ മാത്രം. രക്ഷപ്പെടുക''. ഇസ്രായേലിന്റെ റോക്കറ്റുകൾ മുന്നറിയിപ്പില്ലാതെ പാലസ്തീൻകാരുടെമേൽ പതിച്ചെങ്കിൽ അമേരിക്കക്കാരുടെ മൊബൈലുകളിലേക്ക് നിമിഷ നേരംകൊണ്ടാണ് അപകട മുന്നറിയിപ്പു ലഭിച്ചത്. ഇവിടെ താമസിച്ച വിദേശീയരും യഹൂദരും ഉടൻതന്നെ അവരുടെ ഷെൽട്ടറുകളിൽ അഭയംതേടി. എല്ലാം പൊടുന്നനെ സംഭവിച്ചു. ഹമാസ് കേന്ദ്രങ്ങളെ തകർത്തു തരിപ്പണമാക്കി. യഹൂദരും ക്രൈസ്തവപും രക്ഷപ്പെടുകയും ചെയ്തു. എസ്.എം.എസ് സന്ദേശം ലഭിച്ചവർ നേരത്തെതന്നെ തെരഞ്ഞെടുത്ത സങ്കീർത്തനം പാടി സ്തുതിച്ചു. യിസ്രായേലിന്റെ കഷ്ടതയുടെ നടുവിൽ നിന്നുള്ള നിലവിളിയും പ്രത്യാശയേയും വർണ്ണിക്കുന്ന 130-ാം സങ്കീർത്തനം അവർ അത്യുച്ചത്തിൽ 16000 പ്രാവശ്യം അവർ പാടി സ്തുതിച്ചു. 15 സെക്കന്റിനുശേഷം എല്ലാം അവസാനിച്ചു.........

ഇങ്ങനെ പോകുന്നു ഈ വാർത്ത. 15 സെക്കന്റുകൊണ്ട് എന്തെല്ലാം നടന്നു എന്നു നോക്കൂ: അവിടെയുള്ള എല്ലാ യഹൂദർക്കും ക്രിസ്ത്യാനികൾക്കും എസ്.എം.എസ് ലഭിക്കുന്നു. അവർ ഉടൻതന്നെ ഷെൽട്ടറുകളിൽ അഭയം പ്രാപിക്കുന്നു. എല്ലാവരും അത്യുച്ചത്തിൽ 130-ാം സങ്കീർത്തനം ചൊല്ലുന്നു. ഒന്നും രണ്ടും വട്ടമല്ല 16000 വട്ടം അവർ ഈ സങ്കീർത്തനം ആവർത്തിച്ചു ചൊല്ലുന്നു. (എന്റമ്മോ).

ഷാജി സുകുമാരൻ വ്യഭിചാരിയും തട്ടിപ്പുകാരനും മറ്റും ആണെന്നറിയാം. പക്ഷേ ഇയാൾ ഗഞ്ചാവ് വലിക്കുന്നവനാണെന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, ഗഞ്ചാവിന്റെ ലഹരി തലയ്ക്കു പിടിച്ചവനു മാത്രമേ ഇങ്ങനെയൊക്കെ എഴുതാൻ പറ്റൂ. ഏതായാലും ദൈവമക്കൾ സൂക്ഷിക്കുക.

For details, Visit: www.tsbalan.org/rocket.html


# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 9447414608**


# ഉമ്മ സഭയിൽ വംശാവലി വായന

ഡാളസ്സിലെ ഉമ്മ സഭയിൽ ജനുവരിയിലെ ആദ്യ ഞായറാഴ്ച അത്യുഗ്രൻ വാക്യമത്സരവും വംശാവലി വായനയും നടന്നു. കൈവയ്പ്പു നടന്നെന്നും ഇല്ലെന്നും വാർത്തയുണ്ട്.

ഏതാണ് ഉമ്മസഭ എന്ന് ഏവർക്കും അറിയാമല്ലോ. മനു ചെറിയാനിൽ നിന്ന് ഉമ്മ വാങ്ങിയതോടെ ഈ സഭയിലെ പാസ്റ്ററുടെ ഭാര്യയുടെ ജീവിതം ധന്യമായി. തന്റെ ഭാര്യയ്ക്കു ലഭിച്ച ഭാഗ്യത്തിൽ പാസ്റ്റർക്കും അഭിമാനംതന്നെ. പക്ഷേ ഇതൊന്നും ചില വിശ്വാസികൾക്കു രസിച്ചില്ല. അവർ പ്രശ്നവുമായി രംഗത്തെത്തി. പാസ്റ്ററും ഭാര്യയും ചേർന്ന് തങ്ങളുടെ സഭക്ക് നാണക്കേടുണ്ടാക്കി എന്നാണ് അവർ പറയുന്നത്. പക്ഷേ പാസ്റ്ററുടെ പക്ഷം പിടിക്കാനും ആളുണ്ടായി. പാസ്റ്ററുടെ ഭാര്യക്ക് മനു ഉമ്മ കൊടുത്തതിൽ പാസ്റ്റർക്കു പരാതിയില്ല. പിന്നെ മറ്റുള്ളവർ എന്തിനു പരാതിപ്പെടുന്നു എന്നാണ് അവരുടെ ചോദ്യം. ഏതായാലും കഴിഞ്ഞ നാലാംതീയതി പ്രശ്നം ഗുരുതരമായി. ഇരുപക്ഷവും ഉശിരോടെ പോരാടി. വാക്യമത്സരത്തിനു ശേഷം വംശാവലിയിലേക്കു കടന്നു. നാലും അഞ്ചും തലമുറ മുൻപുള്ള കാരണവൻമാരുടെ പേരുകൾ വരെ പറഞ്ഞെന്നാണ് അറിവ്. ബഹളത്തിനിടയിൽ ചെറിയതോതിലുള്ള കൈവയ്പും ഉണ്ടായെന്നു ശ്രുതിയുണ്ട്. ഏതായാലും മനുവിന്റെ ഉമ്മക്ക് ഇത്രയും ശക്തിയുണ്ടെന്നറിഞ്ഞിരുന്നില്ല.

# സ്റ്റേഡിയത്തിനു വീണ്ടും പണം പിരിക്കാൻ നീക്കം

ശാരോന്റെ കൺവൻഷൻ സ്റ്റേഡിയം പണിയാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. പക്ഷേ പണിഞ്ഞിട്ടും പണിഞ്ഞിട്ടും പണി തീരാത്ത പ്രപഞ്ച മന്ദിരം പോലെ സ്റ്റേഡിയം ഇപ്പോഴും അവശേഷിക്കുന്നു. അടുത്ത കൺവൻഷനു മുമ്പായി സ്റ്റേഡിയത്തിന്റെ പണി തീർക്കണം. അതിന് ഒരുകോടിയോളം രൂപ വേണം.

പണം എവിടെനിന്നു കിട്ടും? വിശ്വാസികളിൽ നിന്നു പിരിക്കണം. പരിപാടി കൊള്ളാം. പക്ഷേ ഒരു സംശയം. ശാരോനിൽ എത്ര അംഗങ്ങളുണ്ട്? ഇരുപതിൽ താഴെ. ബാക്കിയുള്ള ശുശ്രൂഷകൻമാരും വിശ്വാസികളും ശാരോനിലെ അംഗങ്ങളല്ല. അവർക്ക് ശാരോനിൽ ഒരു അവകാശവുമില്ല. അങ്ങനെയിരിക്കെ അവർ ശാരോന്റെ സ്റ്റേഡിയം പണിയാൻ പണം കൊടുക്കുന്നതെന്തിന്?

ആണ്ടിൽ നാലുവട്ടമെങ്കിലും ടി.ജി.കോശി, ടി.പി.ഏബ്രഹാം എന്നിവർ വിദേശ പര്യടനം നടത്തുന്നുണ്ട്. തങ്ങളുടെ സ്വകാര്യ സംഘടനക്കു പണം പിരിക്കാനാണ് ഈ യാത്രകൾ. എപ്പോഴെങ്കിലും ഇവർ ശാരോനുവേണ്ടി ഫണ്ട് ശേഖരിച്ചിട്ടുണ്ടോ? ഇല്ലെന്നു വ്യക്തം. അതുകൊണ്ട് ഇനി വിശ്വാസികളെ പിഴിയാമെന്നു കരുതേണ്ട. ശാരോനിൽ വിവരദോഷികൾ ഏറെയുണ്ടെങ്കിലും വിവരമുള്ളവരുമുണ്ട്. അതുകൊണ്ട് ശാരോൻ നേതാക്കൻമാരുടെ തന്ത്രം ഇനി ഏറെക്കാലം ഫലവത്താകുകയില്ല.

RNI No. 68089 / 97
2009 January 16

THE DEFENDER

REGISTERED
KL/ALY/0031/2009-11

# ഡബ്ല്യൂ.എം.ഇ. – ഭോഷ്ക്കു പറയുന്നതാര്?

ഡബ്ല്യൂ.എം.ഇ എന്നത് ഒരു സഭയാണെന്നും ഈ സഭ ഇപ്പോൾ പെന്തക്കോസ്ത് ഉപദേശം വിട്ടുപോയതുകൊണ്ട് ഒ.എം.രാജുക്കുട്ടി ഡബ്ല്യൂ.എം.ഇയുമായുള്ള ബന്ധം വിട്ട് പുതിയ ഡബ്ല്യൂ.എം.ഇ ഉണ്ടാക്കി പെന്തക്കോസ്ത് വിശ്വാസം സംരക്ഷിക്കയാണെന്നുമത്രേ പ്രചരണം. പക്ഷേ ഈ പറഞ്ഞതൊക്കെ ശുദ്ധ ഭോഷ്ക്കാണെന്ന് കാര്യകാരണ സഹിതം കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചിരുന്നല്ലോ.

ഒന്നാമതായി ഡബ്ല്യൂ.എം.ഇ ഒരു സഭയല്ല സുവിശേഷ സംഘടനയാണ്. അത് ഡബ്ല്യൂ.എം.ഇയുടെ വെബ്സൈറ്റിൽ വ്യക്തമായി പറഞ്ഞിട്ടുമുണ്ട്. ഈ വിഷയത്തേപ്പറ്റി വെബ്സൈറ്റിൽ പറയുന്നത് ഇപ്പകാരമാണ്:

"Dr. John E. Douglas, Sr., who founded World Missionary Evangelism (WME) in the 1950's, described WME as an interdenominational, non-sectarian, missionary society. WME is not a denomination although the work in India was so big that many Pentecostal organizations tried to characterize us as a denomination. Our position is reflected in our tenets of faith which are appropriate for Pentecostal, evangelical fundamentalists and appear in our Statement of Faith. In accordance with our interdenominational, non-sectarian stand, WME has worked with many Christian organizations including recognized Pentecostal bodies, Baptists, Presbyterians, Anglicans, Methodists as well as independent churches and ministries."

ഇതിൽ കൂടുതൽ വ്യക്തമായി ഈ വിഷയം പറയുന്നതെങ്ങനെ? പക്ഷേ ഡബ്ല്യൂ.എം.ഇ എന്ന സംഘടനയേക്കുറിച്ച് ഏറെയൊന്നും അറിയാത്ത സാധുക്കളെ ശുദ്ധ കള്ളം പറഞ്ഞ് വഞ്ചിക്കാൻ രാജുക്കുട്ടിക്കു ബുദ്ധിമുട്ടില്ല.

ഡബ്ല്യൂ.എം.ഇ പെന്തക്കോസ്ത് ഉപദേശം വിട്ടുകളഞ്ഞു എന്നു പറയുന്നതും ഇതുപോലെയുള്ള ഒരു ഭോഷ്ക്കാണ്. നാം കണ്ടു കഴിഞ്ഞതുപോലെ, പെന്തക്കോസ്ത് ഉപദേശത്തിനു നിരക്കാത്തതൊന്നും ഡബ്ല്യൂ.എം.ഇയുടെ വിശ്വാസപ്രമാണത്തിലില്ല. രക്ഷ, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം തുടങ്ങിയ വിഷയങ്ങളിലെല്ലാം ഡബ്ല്യൂ.എം.ഇ പെന്തക്കോസ്ത് ഉപദേശമാണ് പഠിപ്പിക്കുന്നത്. പക്ഷേ ഇന്ത്യയിലെ ഡബ്ല്യൂ.എം.ഇയുടെ നേതൃത്വം സ്വന്തം കൈപ്പിടിയിൽ ഒതുക്കാനുള്ള രാജുക്കുട്ടിയുടെ പദ്ധതി പാളിയപ്പോൾ ''ഡബ്ല്യൂ.എം.ഇ പെന്തക്കോസ്ത് ഉപദേശം വിട്ടേ'' എന്നു മുറവിളി കൂട്ടിക്കൊണ്ട് രാജുക്കുട്ടി പുറത്തുചാടി. എട്ടും പൊട്ടും തിരിയാത്തവർ അതൊക്കെ വിശ്വസിച്ചു.

ഡബ്ല്യൂ.എം.ഇ പെന്തക്കോസ്ത് ഉപദേശം വിട്ടു എന്നു ഘോഷിക്കുന്ന രാജുക്കുട്ടി ഡബ്ല്യൂ.എം.ഇയുടെ സ്വത്തുക്കൾ വിട്ടുകൊടുക്കാൻ തയ്യാറല്ല. ഈ സ്വത്തുക്കൾ വിട്ടുകൊടുക്കേണ്ടതില്ല എന്നു പറയാതെ പറയാൻ രാജുക്കുട്ടി ചില തന്ത്രങ്ങൾ പ്രയോഗിക്കുന്നുണ്ട്. ഇന്ത്യയിലെ ഡബ്ല്യൂ.എം.ഇ തന്റെ അമ്മായിയപ്പൻ ഉൾപ്പെടെയുള്ള ചിലർ സ്ഥാപിച്ചതാണെന്നും ആർക്കും ഏതു സമയത്തും വിട്ടുപോകാം എന്നുമാണ് രാജുക്കുട്ടി പറയുന്നത്. സങ്കീർത്തനത്തിൽ രാജുക്കുട്ടി പറയുന്നു:

''1969ൽ പെന്തക്കോസ്ത് നേതാക്കളായ പി.ജെ.തോമസ്, സി.എസ്.മാത്യു, എം.എസ്.ദാനിയേൽ, കെ.ആർ.ഡേവിഡ്, റ്റി.എസ്.ശാസ്ത്രി എന്നിവർ അംഗങ്ങളായി വേൾഡ് മിഷനറി ഇവാൻജലിസം ഓഫ് ഇന്ത്യ എന്ന ചാരിറ്റബിൾ സംഘടന ഇന്ത്യയിൽ രജിസ്റ്റർ ചെയ്തു. ഡോ.ഡബ്ലസ്സ് ഇന്റർനാഷണൽ പ്രസിഡന്റായി അമേരിക്കയിൽ വേൾഡ് മിഷനറി ഇവാൻജലിസം ഇൻകോർപ്പറേറ്റഡ് എന്ന സംഘടനയും രൂപീകരിക്കപ്പെട്ടു.''

ഇതു വായിച്ചാൽ രണ്ടു സംഘടനകളും 1969ൽ ആണ് രൂപീകരിക്കപ്പെട്ടതെന്നു തോന്നും. പക്ഷേ Dr. John E. Douglas, who founded World Missionary Evangelism (WME) in the 1950's എന്നാണ് ഡബ്ല്യൂ.എം.ഇയുടെ വെബ്സൈറ്റിൽ പറയുന്നതിൽ. ഇതിൽ ആരോ ഒരാൾ കള്ളം പറയുന്നു എന്നു വ്യക്തം.

1969ൽ ആണ് അമേരിക്കയിലെ ഡബ്ല്യൂ.എം.ഇ സ്ഥാപിക്കപ്പെട്ടതെന്നിരിക്കട്ടെ. പക്ഷേ ഈ കാരണത്താൽ അമേരിക്കയിൽ ഡബ്ല്യൂ.എം.ഇ സ്ഥാപിച്ചതിന്റെ ക്രെഡിറ്റ് അമ്മായിയപ്പനു കൊടുക്കാനാവില്ലല്ലോ. അമേരിക്കയിൽ മാത്രമല്ല ഇന്ത്യയിലും അമ്മായിയപ്പൻ ഒറ്റയ്ക്കല്ല ഡബ്ല്യൂ.എം.ഇ സ്ഥാപിച്ചത്. രാജുക്കുട്ടി തുടരുന്നു:

''ഏതൊരാൾക്കും അംഗമായി ചേരാനും വിട്ടുപോകുവാനും പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. പലപ്പോഴായി ആദ്യകാല പ്രവർത്തകരിൽ പലരും ബന്ധം വേർപെടുത്തി. പാസ്റ്റർ മാത്യുവിന്റെ നേതൃത്വത്തിലുള്ള സഭകളും മറ്റു സ്റ്റേറ്റുകളിൽ നിന്നു വന്നവരും 2005 വരെ പിടിച്ചുനിന്നു.''

## എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ
## കോപ്പിയടി അസാധ്യമാക്കൂ

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 9447414608**

പാസ്റ്റർ മാത്യു 2005ൽ ജീവനോടെ ഉണ്ടായിരുന്നു എന്നു തോന്നും ഇതു വായിച്ചാൽ. പക്ഷേ സത്യം അതല്ല. പാസ്റ്റർ സി.എസ്.മാത്യുവിന്റെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ കീഴിലുള്ള സഭകൾ ഡബ്ല്യൂ.എം.ഇയുമായി ബന്ധപ്പെട്ടുതന്നെയാണ് പ്രവർത്തിച്ചിരുന്നത്. അദ്ദേഹത്തിന്റെ മരണശേഷം ഒ.എം. രാജുക്കുട്ടി ഭരണം പിടിച്ചെടുത്തു. സി.എസ്.മാത്യുവിന്റെ ഇളയ മകളുടെ ഭർത്താവാണ് രാജുക്കുട്ടി എന്നതു മാത്രമാണ് രാജുക്കുട്ടിയുടെ യോഗ്യത. അമ്മായിയപ്പന്റെ തഴമ്പിന്റെ ബലത്തിൽ അധികാരത്തിൽ എത്തിയ രാജുക്കുട്ടിയും ആദ്യകാലങ്ങളിൽ ഡബ്ല്യൂ.എം.ഇയുമായി സഹകരിച്ചാണ് പ്രവർത്തിച്ചിരുന്നത്. ഐസക് കോമാനപ്പള്ളിയായിരുന്നു അക്കാലത്ത് ഇന്ത്യയിലെ ഡബ്ല്യൂ.എം.ഇയുടെ നേതാവ്.

കോമാനപ്പള്ളിയുടെ മരണശേഷം അധികാരം തന്റെ കയ്യിൽ നിലനിർത്താൻ ആവശ്യമായ മുൻകരുതൽ രാജുക്കുട്ടി എടുത്തിരുന്നു. രാജുക്കുട്ടി കേരളത്തിലെ ഡബ്ല്യൂ.എം.ഇയുടെ നേതാവായത് അമ്മായിയപ്പൻ – മരുമകൻ ബന്ധം ഉപയോഗിച്ചാണ്. അതേ വിദ്യ ആന്ധ്രയിലും പയറ്റി. രാജുക്കുട്ടിയുടെ മകളെ കോമാനപ്പള്ളിയുടെ മകന് വിവാഹം ചെയ്തു കൊടുത്തു. കോമാനപ്പള്ളിയുടെ കാലശേഷം തന്റെ അമ്മായിയപ്പൻ ഇന്ത്യയിലെ ഡബ്ല്യൂ.എം.ഇയുടെ നേതാവാകുന്നതിന് മരുമകൻ തടസ്സം നിൽക്കുകയില്ല എന്നായിരുന്നു രാജുക്കുട്ടിയുടെ കണക്കുകൂട്ടൽ. പക്ഷേ പ്രതീക്ഷിച്ചതുപോലെയല്ല കാര്യങ്ങൾ നടന്നത്. മരുമകൻ തടസ്സം നിന്നില്ലെങ്കിലും കോമാനപ്പള്ളിയുടെ ഭാര്യയായ രൂത്ത് പ്രശ്നം സൃഷ്ടിച്ചു. അങ്ങനെ രാജുക്കുട്ടി വീണ്ടും കേരളത്തിലെ ഡബ്ല്യൂ.എം.ഇയുടെ നേതാവു മാത്രമായിത്തീർന്നു.

പക്ഷേ ഒരു ചെറിയ പ്രശ്നം ബാക്കിയായി. രാജുക്കുട്ടി ഡബ്ല്യൂ.എം.ഇയുടെ അഖിലേന്ത്യാ നേതാവായി എന്ന വാർത്ത വലിയ പ്രാധാന്യത്തോടെ പത്രങ്ങളിലും മറ്റും വന്നിരുന്നു. ഏതാനും ആഴ്ചകൾക്കുശേഷം രാജുക്കുട്ടി പഴയ ആളായി മാറി എന്ന് മാലോകർ അറിയുന്നതു നാണക്കേടാണല്ലോ. അതുകൊണ്ട് രാജുക്കുട്ടി യഥാർത്ഥ ഡബ്ല്യൂ.എം.ഇ ഉപേക്ഷിച്ച് സ്വന്തം ഡബ്ല്യൂ.എം.ഇ ഉണ്ടാക്കുകയും അതിന്റെ അഖിലേന്ത്യാ നേതാവാകുകയും ചെയ്തു. രാജുക്കുട്ടിക്ക് സ്വന്തം ഡബ്ല്യൂ.എം.ഇയുടെ അഖിലേന്ത്യാ പ്രസിഡന്റല്ല ഭൂലോക പ്രസിഡന്റും ആകാം. കാരണം, രാജുക്കുട്ടിയാണല്ലോ ഈ സംഘടനയുടെ ജീവാത്മാവും പരമാത്മാവും.

ഡബ്ല്യൂ.എം.ഇ ''ഏതൊരാൾക്കും അംഗമായി ചേരാനും വിട്ടുപോകുവാനും പൂർണ്ണ സ്വാതന്ത്ര്യമുണ്ട്'' എന്നു രാജുക്കുട്ടി പറയുന്നതിന്റെ ഗുട്ടൻസ് പിടികിട്ടിയോ? ഇല്ലെങ്കിൽ പറയാം: രാജുക്കുട്ടി ഡബ്ല്യൂ.എം.ഇ വിട്ടുപോന്നതിൽ തെറ്റില്ല എന്നു വരുത്തിതീർക്കണം. പക്ഷേ രാജുക്കുട്ടി ഇത്ര പാടുപെടേണ്ട ആവശ്യമില്ല. ഇന്ത്യയിലെ ഡബ്ല്യൂ.എം.ഇ ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ്. ചാരിറ്റബിൾ സൊസൈറ്റിയിലെ അംഗങ്ങൾക്ക് എപ്പോൾ വേണമെങ്കിലും അംഗത്വം ഉപേക്ഷിക്കാം. അതിനു നിയമതടസ്സമില്ല. പക്ഷേ ഒരു കാര്യം: വിട്ടുപോകുന്നവർ സൊസൈറ്റിയുടെ സ്വത്തുക്കൾ അടിച്ചു മാറ്റിക്കൊണ്ടുപോകുന്നത് നിയമ വിരുദ്ധമാണ്, ശുദ്ധ മോഷണമാണ്. രാജുക്കുട്ടി ചെയ്തിരിക്കുന്നത് ഈ വിധത്തിലുള്ള മോഷണമാണ്.

എങ്ങനെയാണ് ഡബ്ല്യൂ.എം.ഇ വിട്ടു പോരേണ്ടതെന്ന് നാലു പതിറ്റാണ്ടു മുൻപ് പാസ്റ്റർ പി.ജെ.തോമസ് കാണിച്ചുതന്നതാണ്. ഡബ്ല്യൂ.എം.ഇയുമായി സഹകരിച്ച് മുൻപോട്ടു പോകാൻ പറ്റില്ലെന്നു തോന്നിയപ്പോൾ അദ്ദേഹം ഡബ്ല്യൂ.എം.ഇയുടെ നേതാക്കളുമായി വിഷയം ചർച്ച ചെയ്തു. ഡബ്ല്യൂ.എം.ഇയുടെ വസ്തുവകകൾ തിരികെ നൽകുകയോ ഉചിതമായ നഷ്ടപരിഹാരം നൽകുകയോ ചെയ്തു. അങ്ങനെ എല്ലാ ബാദ്ധ്യതകളും മാന്യമായി തീർത്തശേഷമാണ് പാസ്റ്റർ പി.ജെ.തോമസ് ഡബ്ല്യൂ.എം.ഇ വിട്ടത്. മാത്രമല്ല, താൻ ഡബ്ല്യൂ.എം.ഇയുമായി ബന്ധം വിട്ട വിവരം അദ്ദേഹം രഹസ്യമാക്കി വച്ചതുമില്ല. ഡബ്ല്യൂ.എം.ഇയുമായുള്ള ബന്ധം വിട്ടശേഷം പി.ജെ.തോമസ് മറ്റൊരു ഡൂപ്ലിക്കേറ്റ് ഡബ്ല്യൂ.എം.ഇ ഉണ്ടാക്കിയതുമില്ല. രാജുക്കുട്ടി ഇങ്ങനെ ചെയ്തിരുന്നെങ്കിൽ ഡിഫെൻഡർ ഒരിക്കലും രാജുക്കുട്ടിയെ വിമർശിക്കയില്ലായിരുന്നു.

ഡബ്ല്യൂ.എം.ഇ വിട്ടു പോകാൻ ആർക്കും സ്വാതന്ത്ര്യമുണ്ടെന്ന വാദം ശരിതന്നെ. പക്ഷേ ഡബ്ല്യൂ.എം.ഇ എന്നുതന്നെ ചുരുക്കെഴുത്തു വരത്തക്കവിധം എന്തിനു പുതിയ സംഘടന രജിസ്റ്റർ ചെയ്തു? ഈ ചോദ്യത്തിന് അത്യന്തം വിചിത്രമായ ഒരു മറുപടിയാണ് രാജുക്കുട്ടി പറയുന്നത്: ''ഇന്ത്യയിലെ ഡബ്ല്യൂ.എം.ഇ ജനറൽ ബോഡിയുടേയും ജനറൽ കൗൺസിലിന്റേയും തീരുമാനപ്രകാരമാണ് വേൾഡ് മിഷൻ ഇവാൻജലിസം ദൈവസഭ (ഡബ്ല്യൂ.എം.ഇ ദൈവസഭ എന്ന പേരിൽത്തന്നെ പുതിയ രജിസ്ട്രേഷൻ ചെയ്തത്. ഒ.എം.രാജുക്കുട്ടിയുടെ വ്യക്തിപരമായ തീരുമാനമല്ല.'' പോരേ പൂരം.

''ഇന്ത്യയിലെ ഡബ്ല്യൂ.എം.ഇ ജനറൽ ബോഡിയുടേയും ജനറൽ കൗൺസിലിന്റേയും തീരുമാനപ്രകാരം'' എന്നു പറയുമ്പോൾ ഇന്ത്യയിലെങ്ങുമുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ഏതോ അത്യുഗ്രൻ ജനറൽ ബോഡിയും കൗൺസിലും ഇത്തരത്തിൽ തീരുമാനമെടുത്തു എന്നു തോന്നും. പക്ഷേ രാജുക്കുട്ടി പറയുന്ന ഈ ജനറൽ ബോഡിയിലും കൗൺസിലിലും ആരൊക്കെയുണ്ടെന്നറിയാൻ മേല്പടി തീരുമാനപ്രകാരം രജിസ്റ്റർ ചെയ്ത പുതിയ ഡബ്ല്യൂ.എം.ഇയിൽ ആരൊക്കെ ഉണ്ടെന്നറിഞ്ഞാൽ മതി.

1. രാജുക്കുട്ടി – പ്രസിഡഡന്റ്.
2. സൂസൻ (ഭാര്യ) – ട്രഷറാർ.
3. കെ.റ്റി.ചാക്കോ, ഈട്ടിച്ചുവട്.
4. സി.ജെ.ജോൺ, ഈട്ടിച്ചുവട്.
5. കെ.എം.പൗലോസ്, പെരുമ്പെട്ടി.
6. പി.സി.ജോൺ, മുണ്ടത്താനം.
7. കെ.എം.പൗലോസ്, ളാക്കാട്ടൂർ
8. എം.എം.മത്തായി, മുക്കട.
9. പി.ജെ.മാത്യു, എഴുമറ്റൂർ.
10. സി.ജെ.മത്തായി, പറന്തൽ.
11. പി.എം.ജോൺ, ഇറുമ്പായം.

ഇവരിൽ ഭൂരിപക്ഷം ആളുകളും പത്തനംതിട്ട ജില്ലക്കാരാണ്. ബാക്കിയുള്ളവർ കോട്ടയം ജില്ലക്കാരും. ഇതാണ് രാജുക്കുട്ടിയുടെ അഖിലേന്ത്യ. നുണ പറയുമ്പോൾ അനാവശ്യ പിശുക്ക് ആവശ്യമില്ല. അതുകൊണ്ട് അഖിലേന്ത്യക്കു പകരം 'അന്തർദ്ദേശീയ' എന്നാക്കിയാൽ കൂടുതൽ ഗംഭീരമാകും. ഭോഷ്ക്കിനു കൈയ്യും കാലും വച്ചവനാണ് പെന്തക്കോസ്ത് സംരക്ഷിക്കാൻ ഇറങ്ങിപുറപ്പെട്ടിരിക്കുന്നത്.

നേതാവാകുക എന്നതാണ് രാജുക്കുട്ടിയുടെ ലക്ഷ്യം. അതിനുവേണ്ടിയാണല്ലോ പുതിയ ഡബ്ല്യൂ.എം.ഇ ഉണ്ടാക്കിയത്. പക്ഷേ ട്രഷറാർ സ്ഥാനം പെണ്ണുമ്പിള്ളയ്ക്കു കൊടുത്തത് കടന്ന കൈയ്യായിപ്പോയി. പക്ഷേ പണം കൈകാര്യം ചെയ്യുന്നത് സൂസനാണെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ട്രഷറാറുടെ ജോലി എന്താണെന്നു പുതിയ ഡബ്ല്യൂ.എം.ഇയുടെ ഭരണഘടനയിലുണ്ട്: പണപരമായ വിഷയങ്ങളിലും വാർഷിക ബജറ്റ് ഉണ്ടാക്കുന്നതിലും പ്രസിഡന്റിനെ സഹായിക്കുക എന്നതു മാത്രമാണ് ട്രഷറാറുടെ പണി. അപ്പോൾ പണം കൈകാര്യം ചെയ്യുന്നതാരാണ്?

പ്രധാനപ്പെട്ട എല്ലാ അധികാരങ്ങളും പ്രസിഡന്റിനാണ്. വസ്തുവകകൾ വാങ്ങുക, വിൽക്കുക, ബാങ്കുകളിൽ അക്കൗണ്ട് തുറക്കുക, പണം കൈകാര്യം ചെയ്യുക തുടങ്ങിയതെല്ലാം പ്രസിഡന്റിന്റെ അധികാര പരിധിയിൽപെട്ട കാര്യമാണ്. സെക്രട്ടറി ഉൾപ്പെടെയുള്ള എല്ലാവരും വെറും റബ്ബർ സ്റ്റാമ്പുകൾ മാത്രം. രാജുക്കുട്ടി കൊട്ടിഘോഷിക്കുന്ന പെന്തക്കോസ്ത് ഇതാണ്. വിചിത്രമെന്നേ പറയേണ്ടൂ.

ഇതിനേക്കാൾ വിചിത്രമായ ഒരു ഭരണഘടന മാത്രമേ ഈ ഭൂമിമലയാളത്തിലുള്ളൂ: അത് ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി എന്ന പേരിൽ ടി.ജി.കോശി പത്തനംതിട്ടയിൽ രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ സൊസൈറ്റിയുടെ ഭരണഘടനയാണ്. ആ ഭരണഘടന അനുസരിച്ച് ടി.ജി. കോശിയാണ് സൊസൈറ്റിയുടെ ആജീവനാന്ത പ്രസിഡന്റും ട്രഷറാറും. പെന്തക്കോസ്തിൽ ഇതൊക്കെ നടക്കും.

ഇന്ത്യയിൽ ഇപ്പോൾ മൂന്നു ഡബ്ല്യൂ.എം.ഇ ഉണ്ട്. രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇ, രൂത്തിന്റെ ഡബ്ല്യൂ.എം.ഇ, സാക്ഷാൽ ഡബ്ല്യൂ.എം.ഇ. ഇതിൽ ഏതിന്റെ ജനറൽ ബോഡിയും ജനറൽ കൗൺസിലുമാണ് ഡബ്ല്യൂ.എം.ഇ എന്ന പേരിൽ പുതിയ സഭയുണ്ടാക്കാൻ തീരുമാനിച്ചത്? യഥാർത്ഥ ഡബ്ല്യൂ.എം.ഇ ഇത്തരമൊരു തീരുമാനം എടുക്കുകയില്ലെന്നു തീർച്ച. രൂത്തിന്റെ ഡബ്ല്യൂ.എം.ഇ ആണെങ്കിൽ രാജുക്കുട്ടിയുടെ സഭയിൽ രൂത്ത് ഇല്ലാത്തതെന്ത്? രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇ ആണെങ്കിൽ ആ സംഘടന രജിസ്റ്റർ ചെയ്യുന്നതിനു മുൻപ് ജനറൽ ബോഡിയും മറ്റും ഉണ്ടായതെങ്ങനെ?

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan